# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അറക്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.5-123/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 29/04/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അറക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അറക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അറക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.5-123/2023 തീയ്യതി: 29/04/2023

## ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-07-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (**മുതൽ**) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 09-01-2023 | 13-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (**മുതൽ**) | തീയതി (വരെ) |
|---|---|
| 09-01-2023 | 13-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സുസനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.റ്റി.എസ്. ധനജയൻ, ഓഡിറ്റ് ഓഫീസർ
ശ്രീമതി ഷംലത്ത് എം.എസ്., അസി. ഓഡിറ്റ് ഓഫീസർ
ശ്രീ.ജോസഫ് ചാക്കോ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി അനിറ്റ പി.സാമുവൽ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി മായ കൃഷ്ണൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (**മുതൽ**) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വിനോദ് കെ.എസ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.മധു സി.ആർ | സെക്രട്ടറി | 01-04-2021 | 04-10-2021 |
| ശ്രീമതി.മേഴ്സി ജോർജ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-10-2021 | 04-01-2022 |

| | | | |
|---|---|---|---|
| ശ്രീമതി.ബിന്ദു ബി.നായർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-01-2022 | 01-03-2022 |
| ശ്രീ.മധു സി.ആർ | സെക്രട്ടറി | 02-03-2022 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുജിതമോൾ സി.എസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ജെറീഷ് എം | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.അനില ബേബി എം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 01-07-2021 |
| ഡോ.അനുമോൾ കെ.എ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 02-07-2021 | 31-03-2022 |
| ഡോ.ജീന മേരി വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ശ്രീ.സനിത് കുമാർ എൻ..റ്റി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഇന്ദുലേഖ റ്റി.ആർ | ഐ.സി.ഡി.എസ്.സൂപ്പർ വൈസർ | 01-04-2021 | 17-08-2021 |
| ശ്രീമതി ജിയ ജോസഫ് | ഐ.സി.ഡി.എസ്.സൂപ്പർ വൈസർ | 18-08-2021 | 19-11-2021 |
| ശ്രീമതി ലാലി മാത്യു | ഐ.സി.ഡി.എസ്.സൂപ്പർ വൈസർ | 20-11-2021 | 31-03-2022 |
| ശ്രീമതി.അനിശ്രീ ജി.നായർ | വി.ഇ.ഒ (അറക്കുളം സർക്കിൾ) | 01-04-2021 | 19-10-2021 |
| ശ്രീ.സജിത്ത് ഡി. | വി.ഇ.ഒ (അറക്കുളം സർക്കിൾ) | 20-10-2021 | 24-11-2021 |
| ശ്രീമതി.അനിശ്രീ ജി.നായർ | വി.ഇ.ഒ (അറക്കുളം സർക്കിൾ) | 25-11-2021 | 09-01-2022 |
| ശ്രീ.സജിത്ത് ഡി. | വി.ഇ.ഒ (അറക്കുളം സർക്കിൾ) | 10-01-2022 | 19-02-2022 |
| ശ്രീമതി.അനിശ്രീ ജി.നായർ | വി.ഇ.ഒ (അറക്കുളം സർക്കിൾ) | 20-02-2022 | 31-03-2022 |
| ശ്രീ.സജിത്ത് ഡി | വി.ഇ.ഒ (മൂലമറ്റം സർക്കിൾ) | 01-04-2021 | 31-03-2022 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക ലഭിച്ചതിന്റെ വിവരം | 1-2 |
| 3 | ഫണ്ട് വിനിയോഗം | 1-3 |
| 4 | സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-3-1 |
| 5 | റോഡ് മെയിന്റനൻസ് ഫണ്ട് ചെലവ് 62.45ശതമാനം മാത്രം, 23.84 ലക്ഷം ലാപ്സായി | 1-3-2 |
| 6 | റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 66.57ശതമാനം മാത്രം 12.25 ലക്ഷം ലാപ്സായി | 1-3-3 |
| 7 | ധനകാര്യകമ്മീഷൻ ഗ്രാന്റ് -ടൈഡ് ഫണ്ടിൽ 18.83 ശതമാനം മാത്രം ചെലവ് | 1-3-4 |
| 8 | ഗ്രാന്റിനത്തിൽ വൻതുക ചെലവഴിക്കാതെ സൂക്ഷിച്ചിരിക്കുന്നു | 1-3-5 |
| 9 | ഫെസ്റ്റിവൽ അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല | 1-3-6 |
| 10 | ചെലവഴിക്കാത്ത തുക തിരികെ അടവാക്കിയിട്ടില്ല | 1-3-7 |
| 11 | പദ്ധതി അവലോകനം | 1-4 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 13 | ക്ഷേമ പദ്ധതികൾ | 1-6 |
| 14 | ക്യാഷ് പരിശോധന | 1-7 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 16 | വാർഷിക കണക്കിലെ അപാകതകൾ | 1-9 |
| 17 | സ്റ്റെയിൽ ചെക്ക് തുക ബാധ്യതയിൽ നിന്നും ക്രമീകരിച്ചില്ല | 1-9-1 |
| 18 | വസ്തു നികുതി ഈടാക്കുന്നതിലെ അപാകതകൾ | 1-10 |
| 19 | അസംബ്ലി ഹാൾ ഉപയോഗിച്ച് തുടങ്ങിയിട്ടും വസ്തു നികുതി നിർണ്ണയിച്ചില്ല | 1-11 |
| 20 | പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് കടമുറികൾ കുത്തകക്കാർ അനധികൃതമായി രൂപമാറ്റം വരുത്തി | 1-12 |
| 21 | വാടകക്കുടിശ്ശിക | 1-13 |
| 22 | വിഇഒ -യുടെ പ്രോജക്ടുകൾ -ഫയലുകൾ അപൂർണമായതിനാൽ പരിശോധന അസാധ്യം | 1-14 |
| 23 | സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി നടത്തിയ പൊതുമരാമത്ത് പ്രവൃത്തിക്ക് അധിക തുക നൽകി | 1-15 |
| 24 | ജനകീയ ഹോട്ടലിന് ഭൌതിക സാഹചര്യമൊരുക്കിയിട്ടും പ്രവർത്തനം നിലനിർത്താൻ കഴിഞ്ഞിട്ടില്ല | 1-16 |
| 25 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-17 |
| 26 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 1-18 |
| 27 | ആശ്രയ പദ്ധതിക്കായി വകയിരുത്തിയ തുക യഥാസമയം ചെലവഴിച്ചില്ല | 1-19 |
| 28 | പി.എച്ച്.സി.ക്ക് കുഴൽകിണർ നിർമ്മാണം -വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല | 1-20 |
| 29 | അംഗൻവാടികൾക്ക് ഫർണിച്ചർ - അപാകതകൾ | 1-21 |

| | | |
|---|---|---|
| 30 | സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം സംബന്ധിച്ച് | 1-22 |
| 31 | ഓണം അഡ്വാൻസ് വർഷങ്ങൾക്കുശേഷവും തിരികെ ഈടാക്കിയില്ല | 1-23 |
| 32 | തെരുവ് വിളക്കുകളുടെ പരിപാലനം | 1-24 |
| 33 | കർഷകർക്ക് ജൈവവളം, കുമ്മായം വിതരണം. പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-25 |
| 34 | വാഹനപരിപാലനം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 1-26 |
| 35 | അഗതിരഹിത കേരളം പദ്ധതി | 1-27 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക കണക്ക് പരിശോധിച്ചതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി മുൻകൂർ നൽകിയ ഫണ്ടിന്റെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം കാണിക്കുന്ന പത്രിക | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

25.02.2021-ലെ പഞ്ചായത്ത് ബജറ്റ് കമ്മിറ്റിയിൽ അവതരിപ്പിച്ച ₹6927638 മുന്നിരിപ്പും ₹181869000/- വരവും ₹184805000/- ചെലവും ₹3991638/- നീക്കിയിരിപ്പും വരുന്ന 2021-22 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് കമ്മിറ്റിയുടെ 3/1 തീരുമാന പ്രകാരം അംഗീകാരം നേടി. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 11.02.2021 ൽ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ന് മുമ്പായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [വകുപ്പ് 214 (1)]. എന്നാൽ, സ്റ്റാന്റിംഗ് കമ്മിറ്റികളും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും സമർപ്പിച്ച ബജറ്റ് പ്രപ്പോസലുകൾ, അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റിന് ആധാരമാക്കിയ രേഖകളും വിവരങ്ങളും അടങ്ങിയ ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നോയെന്നും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചവരുടെ നിർദ്ദേശങ്ങൾ പരിഗണിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്നും ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ₹6927638/- മുന്നിരിപ്പും ₹188014000/- വരവും ₹193058515/- ചെലവും ₹1883123/- നീക്കിയിരിപ്പും വരുന്ന 2021-22 സാമ്പത്തിക വർഷത്തേക്കുള്ള പരിഷ്കരിച്ച ബജറ്റ്, കമ്മിറ്റിയുടെ 14.03.2022ലെ 1/1 നമ്പർ തീരുമാന പ്രകാരം അംഗീകാരം നേടി. എന്നാൽ, ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും തന്നാണ്ട് വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സ്വീകരിച്ചല്ല ബജറ്റ് പരിഷ്കരിച്ചിട്ടുള്ളത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എല്ലാ മാസവും ബജറ്റ് അവലോകനം നടത്തുന്നില്ല. അതിനാൽ, 2020-21-ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക ലഭിച്ചതിന്റെ വിവരം

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| | | | | |
|---|---|---|---|---|
| | 31.07.2022 | 10.08.2022 | - | - |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് /വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | - | 25505000 | 25505000 | 25505000 | |
| വികസന ഫണ്ട്-എസ്.സി.പി | - | 3955600 | 3955600 | 3567915 | |
| വികസന ഫണ്ട്-ടി.എസ്.പി | - | 4793294 | 4793294 | 3988765 | |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | - | 13584999 | 13584999 | 8484000 | |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് | - | 9121121 | 9121121 | 6072001 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -TIED | - | 14554791 | 14554791 | 2740738 | 11814053 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ -UNTIED | - | 7729490 | 7729490 | 7255593 | 473897 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ടോട്ടൽ സാനിട്ടേഷൻ ഗ്രാന്റ് | 25000 | - | 25000 | - | 25000 |
| ശുചിത്വ മിഷൻ | 1578385 | 99300 | 1677685 | 1203494 | 474191 |
| വെസ്റ്റേൺ ഗാട്ട് | 5500 | 0 | 5500 | 0 | 5500 |
| എൻ ആർ എച്ച് എം | 386748 | 0 | 386748 | 0 | 386748 |
| ഐ സി ഡി എസ് | 2136742 | 745256 | 2881998 | 1425953 | 1456045 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ലൈഫ് സംസ്ഥാന വിഹിതം | 1775240 | 7380000 | 9155240 | 8454636 | 700604 |
| ജലനിധി | 5299347 | 2737579 | 8036926 | 3730676 | 4306250 |
| പകർച്ചവ്യാധി നിയന്ത്രണം | 428535 | 0 | 428535 | 408426 | 20109 |
| വിമുക്തി കില ട്രെയിനിംഗ് | 30687 | 1903688 | 1934375 | 1423242 | 511133 |
| എസ്.റ്റി തൊഴിൽ പരിശീലനം | 28800 | - | 28800 | - | 28800 |
| പട്ടിക വർഗ്ഗവികസന | 2690536 | 0 | 2690536 | 32699 | 2657837 |

| | | | | | |
|---|---|---|---|---|---|
| വകുപ്പ് | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്ബ്ലോക്ക് പഞ്ചായത്ത് (ലൈഫ്) | 1965334 | 5728652 | 7693986 | 6005364 | 1688622 |

കുറിപ്പ്:

സ്രോതസ്സിൽ നിന്ന് കിഴിവ് ചെയ്ത ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ടി.എസ്.പി) (പദ്ധതി നം.186/21-22) രൂ.190667/-, ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി ) (പദ്ധതി നം.185/21-22) രൂ.88000/- എന്നിവ സുലേഖയിൽ പൊതു വിഭാഗത്തിലെ ചെലവ് തെറ്റായി രേഖപ്പെടുത്തിയതിനാൽ വികസന ഫണ്ട്-ജനറൽ വിഭാഗത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചെലവ് വരവിനേക്കാൾ കൂടുതലാണ് ചേർത്തിരിക്കുന്നത്.

1-3-1 സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത തുക ചേർത്തിട്ടില്ല.

| ഫണ്ട് | ലൈഫ് ലോൺ | അംഗൻവാടി ഹോണറേറിയം |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 1342000 | 1357800 |
| SCP | 219083 | - |
| TSP | 462917 | - |

1-3-2 റോഡ് മെയിന്റനൻസ് ഫണ്ട് ചെലവ് 62.45ശതമാനം മാത്രം, 23.84 ലക്ഷം ലാപ്സായി

2020-21ലെ ക്യാരി ഓവർ തുകയുടെ പകുതി ₹716999/- ഉൾപ്പടെ റോഡ് മെയിന്റനൻസ് ഫണ്ട് വിഹിതമായ ₹13584999/- ൽ 2021-22 സാമ്പത്തിക വർഷം ₹8484000/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ കേവലം 62.45 ശതമാനം മാത്രമാണ് ചെലവ്. 15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന പ്രകാരം 2021-22 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ടിൽ ചെലവഴിക്കാത്ത തുകയുടെ പരമാവധി 20 ശതമാനം വരെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹23,83,999/- ലാപ്സായി.

| അലോട്ട്മെന്റ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം | 2022-23ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക | ലാപ്സായ തുക |
|---|---|---|---|---|---|
| 13584999 | 8484000 | 5100999 | 62.45 | 2717000 | 2383999 |

1-3-3 റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 66.57ശതമാനം മാത്രം 12.25 ലക്ഷം ലാപ്സായി

2020-21ലെ ക്യാരി ഓവർ തുകയുടെ പകുതി ₹612200/-, വോട്ടിംഗ് മെഷീനായി 2020-21ൽ സ്രോതസിൽ നിന്നും കുറവ് ചെയ്ത ₹61921/- എന്നിവ ഉൾപ്പടെ റോഡിതര മെയിന്റനൻസ് ഫണ്ട് വിഹിതമായ ₹9121121/- ൽ 2021-22 സാമ്പത്തിക വർഷം ₹6072001/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ കേവലം 66.57 ശതമാനം മാത്രമാണ് ചെലവ്. 15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന പ്രകാരം 2021-22 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ടിൽ ചെലവഴിക്കാത്ത തുകയുടെ പരമാവധി 20 ശതമാനം വരെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹1224896/- ലാപ്സായി.

| അലോട്ട്മെന്റ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം | 2022-23ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക | ലാപ്സായ തുക |
|---|---|---|---|---|---|
| 9121121 | 6072001 | 3049120 | 66.57 | 1824224 | 1224896 |

1-3-4 ധനകാര്യകമ്മീഷൻ ഗ്രാന്റ് -ടൈഡ് ഫണ്ടിൽ 18.83 ശതമാനം മാത്രം ചെലവ്

ധനകാര്യകമ്മീഷൻ ഗ്രാന്റ് - ടൈഡ് ഫണ്ടിൽ അനുവദിച്ച രൂ.14554791/-ൽ തൻവർഷം രൂ.2740738/- മാത്രമാണ് ചെലവഴിച്ചത്. അതായത് 18.83% മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. തുടർവർഷങ്ങളിൽ ഫണ്ട് ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-3-5 ഗ്രാന്റിനത്തിൽ വൻതുക ചെലവഴിക്കാതെ സൂക്ഷിച്ചിരിക്കുന്നു

ബാലൻസ് ഷീറ്റ് ബി-4 പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ വൻതുക ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ട്.

| ഹെഡ് | മുന്നിരിപ്പ് | നീക്കിയിരിപ്പ് |
|---|---|---|
| 320200322 | 1578385 | 474191 |
| 320100120 | 386748 | 386748 |
| 320100121 | 2136742 | 1456045 |
| 320300102 | 5299347 | 4306250 |
| 320300199 | 30687 | 511133 |
| 320200307 | 2690536 | 2657837 |
| 320700204 | 1965334 | 1688622 |

ഗ്രാന്റ് തുകകൾ ഫലപ്രദമായി വിനിയോഗിക്കേണ്ടതാണ്.

### 1-3-6 ഫെസ്റ്റിവൽ അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല

ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ ₹2000/- ക്രമീകരിക്കാതെ അവശേഷിക്കുന്നുണ്ട്. തുക തിരികെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-3-7 ചെലവഴിക്കാത്ത തുക തിരികെ അടവാക്കിയിട്ടില്ല

എസ്.ടി.ഡിപ്പാർട്ട്മെന്റിൽ നിന്നും തൊഴിൽ പരിശീലനത്തിന് ലഭ്യമായ തുകയിൽ ₹28800/- ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ചെലവഴിക്കാത്തപക്ഷം തുക തിരികെ അടവാക്കേണ്ടതാണ്.

### 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 162 | 156872018 | 138 | 87462169 | 0 | 24 | 85.18 |

നിർവ്വഹണ ഉദ്യോഗസ്ഥർ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | അടങ്കൽ ₹ | ചെലവ് ₹ | നടപ്പിലാക്കാത്ത പദ്ധതികൾ | ചെലവ് ശതമാനം % |
|---|---|---|---|---|---|---|---|
| 1. | സെക്രട്ടറി | 35 | 30 | 12368645 | 10454313 | 5 | 84.52 |
| 2. | അസി. എൻജിനീയർ | 56 | 35 | 21951916 | 14244086 | 16 | 64.88 |
| 3. | വെറ്ററിനറി സർജൻ | 9 | 9 | 7435000 | 5615919 | 0 | 75.53 |
| 4. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 250000 | 250000 | 0 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5. | കൃഷി ഓഫീസർ | 9 | 9 | 2866669 | 2427985 | 0 | 84.69 |
| 6. | ഐ.സി.ഡി.എസ്. | 5 | 4 | 5230287 | 4518096 | 1 | 86.38 |
| 7. | ഹെഡ്മാസ്റ്റർ | 8 | 8 | 1976350 | 1914077 | 0 | 96.84 |
| 8. | വി.ഇ.ഒ 1 | 18 | 16 | 94965761 | 41231314 | 2 | 43.41 |
| 9. | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 10 | 10 | 2980000 | 2796026 | 0 | 93.82 |
| 10 | അസി.സെക്രട്ടറി | 6 | 6 | 1699500 | 1604556 | 0 | 94.41 |
| 11 | ഡയറിഎക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 900000 | 600000 | 0 | 66.67 |
| 12 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 6 | 6 | 1391890 | 1330581 | | 95.59 |
| 13 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 3 | 3 | 2856000 | 475216 | 0 | 16.63 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 12249 | 1134113 | 1146362 | 1146286 | 76 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 42901507 | 42901507 | 42901507 | 0 |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വിധവാ പെൻഷൻ | 10358300 | 639 |
| കർഷകതൊഴിലാളി പെൻഷൻ | 1009400 | 52 |
| 50 വയസിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 671200 | 35 |
| വാർദ്ധക്യകാലപെൻഷൻ | 2880400 | 150 |
| വികലാംഗപെൻഷൻ | 3250900 | 170 |
| തൊഴിലില്ലായ്മ വേതനം | 7560 | 3 |

ഗ്രാമപഞ്ചായത്തിൽ സ്വീകരിക്കുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥർക്ക യഥാസമയം കൈമാറി അവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ച് തീർപ്പ കല്പിക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന ഓരോ അപേക്ഷയും തീർപ്പാക്കുന്നതിന് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ചട്ടങ്ങൾ പ്രകാരം സർക്കാർ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്.

സമയപരിധി കേവലം ഒന്നര മാസം മുതൽ രണ്ടു മാസം വരെയായിരിക്കെ അപേക്ഷകളിൽ തീരുമാനമെടുക്കാൻ കാലതാമസമുണ്ടാകുന്നതായി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വെളിവാക്കുന്നു. പല അപേക്ഷകളും അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയതു വരെയുള്ള വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിലുള്ളത്. സമൂഹത്തിൽ ഏറ്റവും പാർശ്വവത്ക്കരിക്കപ്പെട്ടവരും സാമ്പത്തികമായും ആരോഗ്യപരമായും ഏറെ പിന്നിൽ നിൽക്കുന്നവരുമായ ജനവിഭാഗത്തിന് ഒരു കൈത്താങ്ങ് എന്ന നിലയിൽ സർക്കാർ അവതരിപ്പിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അർഹമായ കൈകളിലേക്ക് താമസംവിനാ എത്തിക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് ബുക്കിൽ അന്വേഷണ റിപ്പോർട്ട് ലഭിച്ച വിവിധ പെൻഷൻ അപേക്ഷകൾ

തീർപ്പാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സമർപ്പിക്കപ്പെട്ട മുഴുവൻ അപേക്ഷകളും യഥാവിധി തീർപ്പാക്കിയെന്ന് ഉറപ്പു വരുത്തിയിട്ടില്ല. ഭരണസമിതി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, അന്വേഷണ ഉദ്യോഗസ്ഥർ എന്നിവരുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു. ക്ഷേമപെൻഷനുകൾ അനർഹരായവർ കൈപ്പറ്റുന്നുണ്ടെങ്കിൽ അവരെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.01.23 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 48044/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലംമാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി രജിസ്റ്റർ, ക്യാഷ്ബുക്ക്, ആസ്തിരജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികൾ ചർച്ച ചെയ്യുന്ന വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകളുടെ നിർവഹണത്തിലെ പുരോഗതി അവലോകനം ചെയ്യുന്നില്ല. തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും പങ്കാളിത്തത്തോടെ പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവ്, ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിക്കുന്ന അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടത്തുന്നില്ല.

പഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷത്തിൽ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. പ്രസ്തുത യോഗത്തിന്റെ ഹാജർ രേഖപ്പെടുത്തിയതല്ലാതെ മിനിട്സ് ബുക്കിൽ മറ്റ് രേഖപ്പെടുത്തലുകളില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം പദ്ധതി നിർവ്വഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാനും സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

1-8-1 മുൻകൂർ രജിസ്റ്റർ

മുൻകൂർ രജിസ്റ്ററിൽ ഓണം മുൻകൂർ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ, മറ്റുള്ളവർക്കുള്ള മുൻകൂർ എന്നിവയിൽ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ, രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-8-2 സ്റ്റോക്ക് രജിസ്റ്റർ

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ വാറണ്ടി സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-8-3 സ്യൂട്ട് രജിസ്റ്റർ

സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. അതിനാൽ, കേസുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ നിന്നും വ്യക്തമായി അറിയുന്നതിന് സാധിക്കുന്നില്ല.

1-8-4 ഓഡിറ്റ് റിക്കവറി രജിസ്റ്റർ

ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള നഷ്ടോത്തരവാദിത്വം സംബന്ധിച്ച വിവരങ്ങൾ, തുക തിരികെ ഒടുക്കിയിട്ടുള്ളതിന്റെ വിവരങ്ങൾ എന്നിവ ചേർത്ത് കാലികമാക്കിയിട്ടില്ല.

1-8-5 ഡെപ്പോസിറ്റ് രജിസ്റ്റർ

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റുകളുടെ റീഫണ്ട് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി അധികൃതമാക്കിയിട്ടില്ല. എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

1-9 വാർഷിക കണക്കിലെ അപാകതകൾ

1)ജി.ഒ.(എം.എസ്)152/11/തസ്വഭവ/26.07.2011 പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിംഗും പൂർത്തിയാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2) പ്രതിമാസ കണക്കുകളുടെ പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല.
3)വസ്തുനികുതി, തൊഴിൽനികുതി ഇനങ്ങളുടെ ഡി.സി.ബി. വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

1-9-1 സ്റ്റെയിൽ ചെക്ക് തുക ബാധ്യതയിൽ നിന്നും ക്രമീകരിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ 31.03.2022-ലെ ആസ്തി-ബാദ്ധ്യത പത്രികയിലെ 350800101 - Liability In Respect Of Stale Cheques എന്ന ശീർഷകത്തിൽ ₹2990/- രേഖപ്പെടുത്തിയിട്ടുണ്ട്. മൂന്നുമാസകാലാവധി കഴിഞ്ഞ Stale Cheque തുകകൾ ഗ്രാമപഞ്ചായത്തിന്റെ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കി 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടങ്ങൾ 22, 44, 45 എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ തനതുഫണ്ടിൽ രേഖപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

1-10 വസ്തു നികുതി ഈടാക്കുന്നതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി വരവുകൾ പരിശോധിച്ചതിൽ (സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ളത്) താഴെ സൂചിപ്പിക്കുന്ന കെട്ടിടങ്ങൾ ഒഴിവാക്കപ്പെട്ടവയുടെ ഗണത്തിൽ ഉൾപ്പെട്ടതായി കാണുന്നു. ടി കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/തീ.10-01-2023) മറുപടി ലഭ്യമാക്കി. വസ്തുനികുതി യഥാവിധി പുനർനിർണ്ണയിച്ച് ശരിയായ ഗണത്തിൽ ഉൾപ്പെടുത്തി ഈടാക്കുന്നതിനു

വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | കെട്ടിടം സംബന്ധിച്ച വിവരങ്ങൾ/ ഉടമ | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) | റിമാർക്സ് |
|---|---|---|---|---|
| 1 | സെന്റ് ജോസഫ് കോളേജ് അറക്കുളം | I/163 | 500 | 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 207 പ്രകാരം ഹയർ സെക്കന്ററി തലം വരെയുള്ള അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ/ അനുബന്ധ ഹോസ്റ്റലുകൾ എന്നിവയെയാണ് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. |
| 2 | ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ്, മൂലമറ്റം | I/164 | 200 | |
| 3 | സെന്റ് ജോസഫ് കോളേജ് അറക്കുളം | I/166 | 500 | |
| 4 | സെന്റ് ജോസഫ് കോളേജ് അറക്കുളം | I/167 | 500 | |
| 5 | ഡയറക്ടർ,സെന്റ് ജോസഫ് അക്കാഡമി ഓഫ് ഹയർ സെക്കന്ററി എഡ്യൂക്കേഷൻ ആന്റ് റിസേർച്ച് | I/167A | 1484 | |
| 6 | തോമസ് കുര്യൻ, കയത്തിങ്കര | 2/315 | 255 | പരിശോധന നടത്തി വസ്തു നികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. |
| 7 | ജെഎൻവി വാർഡൻ ക്വാർട്ടേഴ്സ് | 4/248,249,250,254, 255,260,261,262 | - | |
| 8 | ജെഎൻവി ക്വാർട്ടേഴ്സ് | 268,269,270,271,272, 273,274,275,276,277 മുതൽ 317 വരെ | - | |
| 9 | യുഎആർഎഫ് ക്വാർട്ടേഴ്സ് | 4/336,337,342 മുതൽ 369 വരെ 4/370 മുതൽ 4/379 വരെ, 4/402 ,403,404,405,406 | - | |
| 10 | കെഎസ്ഇബി- പോലീസ് ക്വാർട്ടേഴ്സ് | 4/231,4/232,4/235,4/236 | - | |

2) താഴെ സൂചിപ്പിക്കുന്ന കെട്ടിടങ്ങൾക്ക് വസ്തു നികുതി നിശ്ചയിച്ച വേളയിൽ യഥാർത്ഥ ഉപയോഗഗണത്തിനാനുപാതികമായ നികുതി നിർണയിക്കാതിരുന്നതുമൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചതായി കാണുന്നു.

| ക്രമ നം. | കെട്ടിട ഉടമ, കെട്ടിട നം. , വിസ്തീർണ്ണം (ച.മീ.) | ഉൾപ്പെടുത്തിയ ഗണം, നിർണ്ണയിച്ച നികുതി/ച.മീ. | ഉൾപ്പെടുത്തേണ്ട ഗണം, ബാധകമായ നികുതി/ച.മീ. |
|---|---|---|---|
| 1 | ജോസ് കുര്യൻ, കുന്നേൽ<br>6/425L-26<br>M -23.39<br>N-23<br>O-23<br>P-23<br>Q-23<br>R-23<br>6/425Aമുതൽ K വരെ | വാണിജ്യാവശ്യത്തിനുള്ള 100ച.മീ. വരെ വിസ്തൃതിയുള്ള ഷോപ്പ്,ഗോഡൗൺ<br><br>നിർണയിച്ച നികുതി നിരക്ക് -₹45/- | വാണിജ്യാവശ്യത്തിനുള്ള 100ച.മീ. വരെ വിസ്തൃതിയുള്ള സൂപ്പർ മാർക്കറ്റ്, മാളുകൾ<br><br>ബാധകമായ നികുതി നിരക്ക്-₹50/- |

മേൽ സൂചിത കെട്ടിടങ്ങൾ ഉപയോഗക്രമത്തിനനുസരിച്ചുള്ള ഗണത്തിൽ ഉൾപ്പെടുത്തി നികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

3) ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെ സൂചിപ്പിക്കുന്ന മൊബൈൽ ടവറുകൾക്ക് വസ്തു നികുതിയിൽ ഇളവ് നൽകിയിട്ടുണ്ട്. ഏതെങ്കിലും ആവശ്യത്തിനായി ഉപയോഗിക്കുന്ന/സന്ദർശിക്കേണ്ട (താമസം, ജോലി, വിദ്യാലയം, കച്ചവടം, വ്യവസായം, മുതലായവ) മനുഷ്യ സാന്നിധ്യമുണ്ടാകാനിടയുള്ള നിർമ്മാണങ്ങളെയാണ് ഏതെങ്കിലും ഒക്യുപൻസിയിൽ ഉൾപ്പെടുത്തുന്നത്. മൊബൈൽ ടവർ അടക്കമുള്ള മറ്റു കെട്ടിടങ്ങളെ Appurtenant Buildings/Operational Constructions / Auxiliary Buildings എന്നാണ് കണക്കാക്കാവുന്നത്. ആകയാൽ അവയ്ക്ക് മറ്റു കെട്ടിടങ്ങൾക്ക് അനുവദിക്കുന്ന രീതിയിൽ വസ്തു നികുതിയിൽ ഇളവ് അനുവദിക്കാൻ കഴിയുകയില്ല.

| ക്രമ നം. | മൊബൈൽ ടവർ വിവരങ്ങൾ | കെട്ടിട നം. വിസ്തീർണ്ണം, അടിസ്ഥാന വസ്തു നികുതി | ഇളവ് - തുക |
|---|---|---|---|
| 1 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 8/112B, 18, 9000 | മേഖല-900 |
| 2 | എസ്ആർ ടെലികോം ഇൻഫ്രാസ്ട്രക്ചർ | 13/384, 16, 8000 | കാലപ്പഴക്കം-800 |
| 3 | വോഡഫോൺ ലിമിറ്റഡ് | 14/370B, 15, 7500 | മേഖല-750<br>കാലപ്പഴക്കം-750 |
| 4 | റിലയൻസ് ഇൻഫോകോം | 14/370C, 17.4, 8700 | മേഖല-870<br>കാലപ്പഴക്കം-870<br>വഴിസൗകര്യം-870 |
| 5 | ബിഎസ്എൻഎൽ | 14/378A, 7500 | കാലപ്പഴക്കം-750 |

മേൽ അപാകതകൾ പരിഹരിച്ച് വസ്തു നികുതി പുനർനിർണ്ണയിച്ച് ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

### 1-11 അസംബ്ലി ഹാൾ ഉപയോഗിച്ചു തുടങ്ങിയിട്ടും വസ്തു നികുതി നിർണ്ണയിച്ചില്ല

അറക്കുളം വില്ലേജിലെ S291/6-1,291/8,R-291/6-1,291/8 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ടതും ആസ്കോ ബാങ്കിന്റെ ഉടമസ്ഥതയിലുള്ളതുമായ സ്ഥലത്ത് 1987.01 ച.മീ. വിസ്തീർണ്ണത്തിൽ നിലവിലുള്ള വാണിജ്യ കെട്ടിടത്തിനു മുകളിലായി ഒരു അസംബ്ലി ഹാൾ നിർമ്മാണത്തിന് 12-03-2019-ൽ പെർമ്മിറ്റ് അനുവദിച്ചിരുന്നു. എന്നാൽ ടി കെട്ടിടം നിർമ്മാണം പൂർത്തിയായി പ്രവർത്തിച്ചു തുടങ്ങിയിട്ടും കെട്ടിടത്തിന് ഒക്യുപ്പെൻസി നൽകി വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല. നിലവിൽ ടി കെട്ടിടം അനധികൃതമായി ഓഡിറ്റോറിയം എന്ന ഗണത്തിൽ പ്രവർത്തനക്ഷമമാണെന്ന് കാണുന്നു. നിർമ്മാണം പൂർത്തിയായപ്പോൾ മുതൽ ₹30/- നിരക്കിൽ 1987.01ച.മീ. വിസ്തൃതിയുള്ള അസംബ്ലി ഹാൾ ഗണത്തിലുള്ള കെട്ടിടത്തിന്റെ വസ്തു നികുതി ഈടാക്കാത്തതിനാൽ വൻ തുകയാണ് നികുതി ഇനത്തിൽ പഞ്ചായത്തിന് ഇതിനോടകം നഷ്ടം വന്നിട്ടുള്ളത്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.9/10.01.2023) നൽകിയെങ്കിലും മറുപടി ഹാജരാക്കിയില്ല. കെട്ടിട നിർമ്മാണം പൂർത്തിയായ തീയതി മുതൽ ക്രമവത്ക്കരിച്ച് വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

### 1-12 പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് കടമുറികൾ കുത്തകക്കാർ അനധികൃതമായി രൂപമാറ്റം വരുത്തി

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയതിന്റെ രജിസ്റ്റർ, അനുബന്ധരേഖകൾ എന്നിവ പരിശോധിച്ചതിൽ പഴയ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിലെ മുറികൾ വേർതിരിക്കുന്ന നടുഭിത്തി പഞ്ചായത്തിന്റെ അനുമതി കൂടാതെ നീക്കം ചെയ്ത് ഉപയോഗിച്ചു വരുന്നതായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാടക സംബന്ധിച്ച് കുത്തകക്കാരും ഗ്രാമപഞ്ചായത്തും തമ്മിൽ ഏർപ്പെടുന്ന കരാർ പത്രികയിലെ 7,8,15 എന്നീ ക്രമ നമ്പറുകളിലെ വ്യവസ്ഥകൾ അനുസരിച്ച്, വാടകയ്ക്ക് എടുത്തിരിക്കുന്ന മുറികൾക്ക് യാതൊരുവിധ കേടുപാടുകളും വരുത്താൻ പാടില്ലാത്തതാണ്. കൂടാതെ ഗ്രാമപഞ്ചായത്തിന്റെ അനുമതി കൂടാതെ മറ്റു വ്യക്തികൾക്ക് കൈമാറാനും പാടില്ലാത്തതാണ്. കരാർ വ്യവസ്ഥ പാലിക്കാതെ വാടക മുറികളുടെ നടുഭാഗത്തെ ഭിത്തി നീക്കം ചെയ്ത വിഷയത്തിന്റെ തുടർ നടപടി സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/12.01.2023) മറുപടി ഹാജരാക്കിയിട്ടുണ്ട്. ഒന്നാം നമ്പർ മുറിയുടെ കുത്തകക്കാരനായ ശ്രീ.പി.എ.റഷീദ്, പോളാശ്ശേരിൽ വെസ്സൽസ് എന്ന വ്യക്തിയാണ് ശ്രീ.ഭാസ്കരൻ എൻ. പ്ലാമൂട്ടിൽ എന്നയാൾക്ക് അനുവദിച്ചിരുന്ന മുറിയുടെ ഇടയ്ക്കുള്ള ഭിത്തി നീക്കം ചെയ്ത് അവ യോജിപ്പിച്ച് വ്യാപാരം നടത്തി വരുന്നത്. ഇത് സംബന്ധിച്ച അന്വേഷണത്തിൽ ഇവർ രണ്ടു പേരും ചേർന്നാണ് കട നടത്തുന്നതെന്നും ഇവർ വാടക കുടിശ്ശിക ഇല്ലാതെ അടവാക്കുന്നതിനാലും യഥാസമയം എഗ്രിമെന്റ്

പുതുക്കുന്നതിനാലും ആണ് നടപടി സ്വീകരിക്കാത്തതെന്നും മറുപടിയിൽ വ്യക്തമാക്കുന്നു. 19-01-2022-ലെ പഞ്ചായത്ത് കമ്മിറ്റിയിൽ മുറികൾ വാടകയ്ക്ക് എടുത്തവർ കീഴ്‌വാടകയ്ക്ക് നൽകിയ വിഷയം ചർച്ച ചെയ്തിട്ടുണ്ടെങ്കിലും തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. വാടക മുറികളിൽ ഘടനാപരമായ മാറ്റം വരുത്തുകയോ കീഴ്‌വാടകയ്ക്ക് നല്കുകയോ ചെയ്യുന്നത് കരാർ ലംഘനമാണ്. ആകയാൽ കുത്തകക്കാരിൽ നിന്ന് ഭിത്തി പുനർ നിർമിക്കുന്നതിന് ബാധകമായ തുക സെക്യൂരിറ്റിയായി ഈടാക്കി തനതു ഫണ്ടിൽ സൂക്ഷിക്കേണ്ടതും കടമുറിയുടെ വാടക കാലാവധി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഭിത്തി പൂർവ സ്ഥിതിയിൽ നിർമിക്കുന്നതാണെന്ന് വ്യവസ്ഥ ഉൾപ്പെടുത്തി പുതിയ കരാർ പ്രസ്തുത വ്യക്തികളുമായി ചമയ്ക്കേണ്ടതുമാണ്. പുതിയ കരാറിനു വിരുദ്ധമായി പ്രവർത്തിക്കുന്ന പക്ഷം സെക്യൂരിറ്റി തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാനും നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടികൾ കൈക്കൊള്ളുന്നതിനായി ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-13 വാടകക്കുടിശ്ശിക

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെ സൂചിപ്പിക്കുന്ന കെട്ടിടങ്ങളുടെ വാടക കുടിശ്ശികയായിട്ടുണ്ട്. ഇവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചതായി ഫയൽ പരിശോധനയിൽ കാണാൻ കഴിഞ്ഞു.

| ക്രമ നം. | വാടകക്കാരൻ | പ്രതിമാസം | അടവാക്കാൻ ശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 1 | ജില്ലാ പട്ടികജാതി വികസന ഓഫീസർ,<br>ജില്ലാ പട്ടികജാതി വികസന ഓഫീസ്, പൈനാവ്<br>ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് ഒന്നാം നില റൂം നം.1 | 1386 | 2019-20, 2020-21 – 30,000/- | കരാർ ചമച്ചിട്ടില്ല 27.04.2022 ന് കെട്ടിടം ഒഴിവായി |
| 2 | ഷെർമ്മി മോൾ, കളരിക്കൽ വീട്,മൂലമറ്റം<br>ന്യൂ ബിൽഡിങ്ങ് ഒന്നാം നില റൂം 1 | 4098 | 8880/- | കരാർ ചമച്ചിട്ടില്ല 15.01.2022 ന് കെട്ടിടം ഒഴിവായി |

കുടിശ്ശിക വാടക ഈടാക്കിയതിന്റെ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 വിഇഒ -യുടെ പ്രോജക്ടുകൾ -ഫയലുകൾ അപൂർണമായതിനാൽ പരിശോധന അസാധ്യം

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ താഴെ പരാമർശിക്കുന്ന പദ്ധതികളുടെ ഫയലുകൾക്കൊപ്പം അപേക്ഷകൾ, ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, അവശ്യം വേണ്ട വിവിധ രേഖകൾ, രജിസ്റ്റർ, ബില്ലുകൾ എന്നിവ കൃത്യമായി ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ധന ഇടപാടുകളുടെ ആധികാരികത ഓഡിറ്റിൽ ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

| ക്രമ നം. | പദ്ധതി, വിഭാഗം, നം. | ചെലവ് തുക₹ |
|---|---|---|
| 1 | വീട് പുനരുദ്ധാരണം(ജനറൽ) New | 72,00,000 |
| 2 | ലൈഫ് മിഷൻ ഭവന പദ്ധതി(ജനറൽ) New | 2,77,60,000 |
| 3 | പിഎംഎവൈ വിഹിതം അടയ്ക്കൽ(ജനറൽ) New | 3,19,900 |
| 4 | വീട് അറ്റകുറ്റപ്പണി(എസ് സി) SO | 4,50,000 |
| 5 | വീട് പുനരുദ്ധാരണം(എസ് സി) New | 18,00,000 |
| 6 | വീട് പുനരുദ്ധാരണം(ജനറൽ) SO | 1,50,000 |
| 7 | വീട് പുനരുദ്ധാരണം(എസ് റ്റി) SO | 4,50,000 |
| 8 | വീട് പുനരുദ്ധാരണം(എസ് റ്റി) New | 4,50,000 |
| 9 | പി.എം.എ.വൈ. വിഹിതം അടയ്ക്കൽ(ജനറൽ) New | 8,22,941 |
| 10 | ഹരിത സഹായ സ്ഥാപനത്തിന് സപ്പോർട്ടിങ്ങ് ഫണ്ട് നൽകൽ(ജനറൽ) New | 3,12,000 |
| 11 | പ്രളയത്തിൽ കക്കൂസ് നഷ്ടപ്പെട്ടവർക്ക് കക്കൂസ് നിർമ്മാണത്തിന് ധനസഹായം(ജനറൽ) SO | 2,10,760 |
| 12 | കമ്പോസ്റ്റ് പിറ്റ് നിർമ്മാണം(ജനറൽ) New | 1,99,832 |
| 13 | വിഇഒ ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും(ജനറൽ) SO | 1,11,687 |

| | | |
|---|---|---|
| 14 | പെർഫോമൻസ് ബെയ്സ്ഡ് ഇൻസെന്റീവ് ഗ്രാന്റിന്റെ വിനിയോഗം(ജനറൽ) SO | 25,000 |
| 15 | പെർഫോമൻസ് ബെയ്സ്ഡ് ഇൻസെന്റീവ് ഗ്രാന്റിന്റെ വിനിയോഗം(ജനറൽ) SO | 4,39,194 |
| 16 | കക്കൂസ് പുനരുദ്ധാരണം(ജനറൽ) New | 5,30,000 |
| | ആകെ | 4,12,31,314 |

മേൽ സൂചിത പദ്ധതികളുടെ ഫയലുകൾ അവശ്യം വേണ്ട രേഖകൾ ഉൾപ്പെടുത്തി താമസംവിനാ പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/തീ.12-01-2023) മറുപടി ലഭ്യമാക്കുകയോ ഫയലുകൾ കൃത്യമാക്കി ഹാജരാക്കുകയോ ചെയ്തില്ല. ജോലി പ്രാവീണ്യവും പരിചയസമ്പത്തും കൂടുതലുള്ള സീനിയർ വി.ഇ.ഒ.-യുടെ സേവനം ഗ്രാമപഞ്ചായത്തിൽ ലഭ്യമായിരിക്കെ മൂലമറ്റം സർക്കിളിലെ താരതമ്യേന പ്രവൃത്തി പരിചയം കുറഞ്ഞ വി.ഇ.ഒ.-യെ ആണ് ₹9,49,65,761/- യുടെ പദ്ധതി നിർവ്വഹണം ഏൽപ്പിച്ചിരുന്നത്. ഭീമമായ തുക അടങ്കലുള്ള പദ്ധതികളുടെ നിർവ്വഹണച്ചുമതല വിഭജിച്ച് നൽകുകയോ പരിചയ സമ്പന്നനായ വി.ഇ.ഒ.യിൽ നിക്ഷിപ്തമാക്കുകയോ ചെയ്യാതിരുന്നതിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.20/തീ.12-01-2013) നൽകിയിരുന്നു. നിർവ്വഹണച്ചുമതലയുള്ളതും ഡിഡിഒ കോഡുള്ളതുമായ സർക്കിൾ സീനിയർ വി.ഇ.ഒ.-യെ ഏൽപ്പിക്കുന്ന കാര്യം ഇടുക്കി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറെ 14-03-2022 ലെ കമ്മിറ്റി തീരുമാന പ്രകാരം അറിയിച്ചെങ്കിലും നടപടിയുണ്ടായില്ലെന്ന് സെക്രട്ടറി മറുപടി ഹാജരാക്കി. സാമ്പത്തിക വർഷം ആദ്യം മുതൽ നടത്തേണ്ട പദ്ധതി നിർവ്വഹണത്തിന് വർഷം അവസാനിക്കാൻ ഏതാനും ദിവസം മാത്രം ബാക്കിയുള്ളപ്പോൾ തീരുമാനമെടുത്ത് അറിയിച്ചതിൽ പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ഗുരുതര വീഴ്ചയുണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു.

അറക്കുളം വി.ഇ.ഒ. പരിശീലനത്തിന് പോയിരുന്ന 20/10/2021 മുതൽ 24/11/2021 വരെയും 10/01/2022 മുതൽ 19/02/2022 വരെയും മൂലമറ്റം വി.ഇ.ഒ.ക്ക് അറക്കുളം വി.ഇ.ഒ.യുടെയും പദ്ധതി നിർവഹണത്തിന്റെയും ചുമതല ഇടുക്കി ബ്ലോക്കിൽ നിന്ന് നൽകിയിരുന്നതായും സെക്രട്ടറി അറിയിച്ചു. അതായത് 2021-22 വർഷം 2.5 മാസം മൂലമറ്റം വി.ഇ.ഒ.ക്ക് അറക്കുളം വി.ഇ.ഒ.യുടെ ചാർജ് ഉണ്ടായിരുന്നു. 2021-22 ലെ പദ്ധതി നിർവ്വഹണത്തിന്റെ പ്രധാന കാലഘട്ടത്തിൽ ചുമതലയുണ്ടായിരുന്നതിനാൽ ഓഡിറ്റിന് ഫയലുകൾ കൃത്യമാക്കി ഹാജരാക്കുന്നതിൽ മൂലമറ്റം വി.ഇ.ഒ.ക്കും ഉത്തരവാദിത്തമുണ്ട്. ഈ വിവരം അനന്തരനടപടികൾക്കായി ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെയും, ഇടുക്കി അസി.ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ)-ടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണ ഫയലുകൾ കൃത്യമാക്കി ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ തൻവർഷത്തെ ആകെ പദ്ധതിച്ചെലവായ ₹4,12,31,314/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-15 സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി നടത്തിയ പൊതുമരാമത്ത് പ്രവൃത്തിക്ക് അധിക തുക നൽകി

| | |
|---|---|
| പ്രോജക്ട് | 153/22, കൂവപ്പള്ളി പഴയപള്ളി റോഡും ചപ്പാത്ത് നിർമ്മാണവും- (പൂർത്തീകരിച്ച പ്രവൃത്തിയുടെ തുക നൽകൽ) |
| അടങ്കൽ | ₹451020/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| നിർവ്വഹണം | ഗുണഭോക്തൃസമിതി |
| കൺവീനർ | ശ്രീ.ജോസഫ് ഇത്താക്ക് |
| കരാർ നം. | 25/AE/LSGD/14-15 തീയതി 17.11.2014 |
| അളവ് ബുക്ക് നം. | 25/AE/ LSGD |
| വൗച്ചർ/ബിൽ നം. / തീയതി/തുക | 1) 22100549/12.10.21/ ₹451020/-<br>2) 22100651/16.11.21/ ₹959421/-<br>3) ലഭ്യമല്ല / 27.03.22/ ₹451020/- |

2014-15 വാർഷിക പദ്ധതിയിൽ പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരുന്നതും അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നിർമ്മാണം പൂർത്തീകരിച്ചതുമായ 58/15, കൂവപ്പിള്ളി പഴയപള്ളി റോഡും ചപ്പാത്ത് നിർമ്മാണവും എന്ന പദ്ധതിയുടെ തുക വിവിധ കാരണങ്ങളാൽ യഥാസമയം നൽകാതിരുന്ന സാഹചര്യത്തിൽ തുക നൽകുന്നതിനായി 2021-22 വർഷം മുകളിൽ സൂചിപ്പിച്ച പദ്ധതി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തനത് ഫണ്ട് വകയിരുത്തി ഏറ്റെടുത്തതായി കാണുന്നു. ടി പദ്ധതിക്ക് 16.08.2014 തീയതിയിലെ 496/AEE/LSGD/IDK/2014-15 പ്രകാരം സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ട്. ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ പ്രവൃത്തിക്ക് സമിതി കൺവീനറുമായി അസിസ്റ്റന്റ് എൻജിനീയർ കരാർ ചമച്ചിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ചിട്ടുള്ള അളവ് ബുക്ക് പ്രകാരം

പ്രവൃത്തി 18.05.2015 ൽ പൂർത്തീകരിച്ചിട്ടുള്ളതും 30.05.2015 ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ചെക്ക് മെഷർ ചെയ്തിട്ടുള്ളതുമാണ്. അളവ് ബുക്ക് പേജ് നം. 28 ൽ ആകെ പ്രവൃത്തി മൂല്യം ₹444923/- എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്തൃസമിതി നിർമ്മാണ സാമഗ്രികൾ വാങ്ങിയതിന്റെ ₹110073/-യുടെ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. 30.05.2015ൽ ചെക്ക് മെഷർമെന്റ് നടത്തിയ പ്രവൃത്തിക്ക് യഥാസമയം തുക നൽകിയതായി കാണുന്നില്ല. തുടർന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 05.02.2016 ലെ എ2-313/16 നമ്പർ കത്തിന് മറുപടിയായി ഇടുക്കി ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ 10.02.2016 ലെ 316/16/IDKTEO നമ്പർ കത്തിൽ പ്രസ്തുത പ്രവൃത്തിയുടെ നേരിട്ടുള്ള ഗുണഭോക്താക്കളിലും പ്രയോജനം ലഭിക്കുന്നവരിലും 51% ൽ അധികം പട്ടിക വർഗ്ഗ വിഭാഗക്കാരല്ലാത്തതിനാൽ പദ്ധതി പട്ടിക വർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുത്താനാവില്ല എന്ന് അറിയിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാതെ പഞ്ചായത്ത് ഭരണ സമിതി പ്രോജക്ടിന് ഭരണാനുമതി നൽകിയതും പദ്ധതിക്ക് സാങ്കേതികാനുമതി ലഭിച്ചതും എങ്ങനെയെന്ന് വ്യക്തമല്ല. പ്രവൃത്തിയുടെ പൂർത്തീരണത്തിന് ശേഷം തുക നൽകുന്നതിന് യാതൊരു തുടർ നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. പൂർത്തീകരിച്ച ടി പ്രവൃത്തിക്ക് യഥാസമയം തുക അനുവദിക്കാൻ കഴിയാത്തതിനാൽ മേൽ പ്രവൃത്തിക്ക് തുക നൽകുവാൻ 2021-22 വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തനത് ഫണ്ട് വകയിരുത്തുകയും തുക നൽകുകയും ചെയ്തിരിക്കുന്നു. എന്നാൽ തുക നൽകിയതിൽ അവ്യക്തത കാണുന്നു. മുകളിൽ സൂചിപ്പിച്ചിട്ടുള്ള വൌച്ചർ നം. 1, 2 എന്നിവ പ്രകാരം യഥാക്രമം ₹451020/-, ₹959421/- നൽകിയതായി കാണുന്നു. കൂടാതെ ക്രമനം. 3 പ്രകാരം ₹451020/- അനുവദിച്ചതിന്റെ തനത് ഫണ്ട് ബില്ലിന്റെ പകർപ്പും ഫയലിൽ കാണുന്നു. ഇത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്.

ഫീസിബിലിറ്റി ഉറപ്പാക്കാതെ പട്ടികവർഗ്ഗ വിഭാഗം തുക വകയിരുത്തി പദ്ധതി ഏറ്റെടുത്തതിനും തുടർന്ന് പണം നൽകുവാൻ താമസം വന്നതിന്റെ പേരിൽ പഞ്ചായത്തിന് അധിക തുക നൽകേണ്ടിവന്നിട്ടുണ്ടെങ്കിൽ ആയതിനും വിശദീകരണം അടിയന്തരമായി ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് 13.01.2023 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 25 ന് മറുപടി ലഭ്യമാക്കിയില്ല. പദ്ധതിക്കായി ചെലവഴിച്ച ആകെ തുക എത്രയെന്ന് നിജപ്പെടുത്തി അധിക തുക നൽകിയിട്ടുണ്ടെങ്കിൽ ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

2014-15ൽ ഏറ്റെടുത്ത പദ്ധതിയുടെ തുക നൽകുകയോ തുടർവർഷങ്ങളിൽ സ്പിൽ ഓവർ പദ്ധതിയായി ഏറ്റെടുക്കുകയോ ചെയ്യാത്തതിനാൽ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി വാങ്ങേണ്ടതായിരുന്നു. എന്നാൽ അപ്രകാരം ചെയ്യാത്തതിനാൽ ടി പദ്ധതിക്ക് കോ-ഓർഡിനേഷൻ കമ്മറ്റിയുടെ സാധൂകരണം വാങ്ങേണ്ടതാണ്.

1-16 ജനകീയ ഹോട്ടലിന് ഭൌതിക സാഹചര്യമൊരുക്കിയിട്ടും പ്രവർത്തനം നിലനിർത്താൻ കഴിഞ്ഞിട്ടില്ല

| | |
|---|---|
| പ്രോജക്ട് | 142/22, ജനകീയ ഹോട്ടലിന് ഭൗതിക സാഹചര്യമൊരുക്കൽ |
| അടങ്കൽ ₹ 509000/- | ₹80000/- (വികസന ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| വൗച്ചർ നം./ തീയതി/ തുക | 21100152002400592687/ 01.11.2021/ ₹59800/-<br>21100152002400962090/ 17.01.2022/ ₹5664/<br>ആകെ ₹65464/- |

ഗ്രാമ പഞ്ചായത്തിൽ ജനകീയ ഹോട്ടൽ ആരംഭിക്കുന്നതിനാവശ്യമായ ഭൗതിക സൗകര്യം ഒരുക്കുന്നതിനായി ഫർണിച്ചർ വാങ്ങി നൽകുന്നതിന് മുകളിൽ സൂചിപ്പിച്ച പ്രോജക്ട് പ്രകാരം ₹65464/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഹോട്ടൽ നിലവിൽ പ്രവർത്തിക്കാത്തതിനാൽ ഇതിനായി ചെലവഴിച്ച തുക പാഴായ അവസ്ഥയിലാണ്. സർക്കാർ വലിയ സാമൂഹ്യ ലക്ഷ്യത്തോട് കൂടി ആരംഭിക്കുവാൻ നിർദ്ദേശിച്ച ജനകീയ ഹോട്ടലിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് ഭരണ സമിതിതലത്തിൽ നടപടി സ്വീകരിക്കാവുന്നതാണ്.

1-17 മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 67/22, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| ബിൽ നമ്പർ/ തിയതി/തുക | 211005520017008700704/05.01.22/250000/- |

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങുന്ന പ്രോജക്ട് പ്രകാരം ₹2,50,000/- രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് (ഹോംകോ) മേൽ സൂചിപ്പിച്ച ബിൽ പ്രകാരം കൈമാറിയിട്ടുണ്ടെങ്കിലും രൂ.65300/-യുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ശേഷിക്കുന്ന ₹184700/-യുടെ മരുന്ന് ലഭ്യമാക്കി

സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

1-18 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

അറക്കുളം ഗ്രാമ പഞ്ചായത്ത് തൻവർഷം വിവിധ കുടിവെള്ള പദ്ധതികൾക്കായി കുഴൽ കിണർ നിർമ്മിക്കുന്നതിന് താഴെ പറയും പ്രകാരം ഭൂജല വകുപ്പിൽ തുക ഒടുക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റ് | എസ്റ്റിമേറ്റ് തുക (₹) | ഒടുക്കിയ തുക (₹) | വൌച്ചർ നം. /തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | 149/22, ശ്രീചിത്തിര വിലാസം എൽ.പി. സ്കൂളിൽ കുഴൽ കിണർ നിർമ്മാണം | 681460 | 200000 | 22101347/ 30.03.22 | എസ്റ്റിമേറ്റിൽ Rough Cost Estimate For The Implimentation Of MWSS (Including GST) ₹618000/- എന്ന് ഉൾപ്പെടുത്തി യിരിക്കുന്നത് എന്താണെന്ന് വ്യക്തമല്ല |
| 2 | 167/22, എടാട് ഗവ. എൽ.പി.എസ്. കുഴൽ കിണർ നിർമ്മാണം | 67761 | 67761 | 22101349/ 30.03.2022 | |
| 3 | 21/22, വനിത കാർഷിക വിപണന കേന്ദ്രത്തിന് കുഴൽകിണർ പൂർത്തീകരണം | 230000 | 200000<br>30000 | 20100152002400722911/ 11.11.20 ₹200000,<br>XVFC/2021-22/-/6/ ₹30000 | ആകെ ₹230000/-<br>(ഇതിൽ ₹200000/- 2020-21 ൽ ഒടുക്കിയിട്ടുള്ളതാണ്) |
| 4 | 166/22, മൂലമറ്റം ഐ.എച്ച്.ഇ.പി. സ്കൂളിൽ കുഴൽകിണർ നിർമ്മാണം, വാട്ടർ ടാങ്ക് വാങ്ങി നൽകൽ | 63393 | 63393 | 22101348/ 30.03.2022 | |
| | ആകെ | | 561154 | | |

മുകളിൽ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. വകുപ്പുമായി പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കരാർ ചമയ്ക്കാതെയാണ് തുക ഒടുക്കിയത്. ആയതിനാൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി കണക്കാക്കുവാൻ കഴിയാത്ത സ്ഥിതിയാണ്. പട്ടികയിലെ ക്രമ നമ്പർ 1 ൽ എസ്റ്റിമേറ്റിൽ Rough Cost Estimate For The Implimentation Of MWSS (Including GST) ₹618000/- എന്ന് ഉൾപ്പെടുത്തിയിരിക്കുന്നതിൽ വ്യക്തത വരുത്തേണ്ടതാണ്. നിർവ്വഹണ ഏജൻസിയുമായി കരാർ ചമയ്ക്കാത്തത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. കരാറിന്റെ അഭാവത്തിൽ പ്രവൃത്തി പൂർത്തീകരിക്കാതിരിക്കുന്ന ഏജൻസിക്ക്മേൽ യാതൊരു നടപടിയും സ്വീകരിക്കുവാൻ കഴിയാത്ത അവസ്ഥയാണ്. ഇത് സംബന്ധിച്ച് 11.01.2023ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.10-ന് ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രവൃത്തി നിർവ്വഹണം അടിയന്തരമായി പൂർത്തീകരിക്കുവാനുള്ള സത്വര നടപടി സ്വീകരിച്ച വിവരം അറിയിക്കേണ്ടതാണ്. ₹561154/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 ആശ്രയ പദ്ധതിക്കായി വകയിരുത്തിയ തുക യഥാസമയം ചെലവഴിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് | 34/22, ആശ്രയ പഞ്ചായത്ത് വിഹിതം |
| അടങ്കൽ ₹200000/- | ₹100000/- (വികസന ഫണ്ട്-ജനറൽ)<br>₹100000/- ( ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| വൌച്ചർ/ബിൽ നം. / തീയതി/ തുക | 1) 21100152002600504730/ 11.10.21/ ₹100000/-<br>2) 22100559/ 22.10.2021/ ₹100000/- |

മേൽ പ്രോജക്റ്റിലൂടെ ആശ്രയ പദ്ധതിക്കായി ₹200000/- കുടുംബശ്രീ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിലും സാമ്പത്തിക വർഷം ₹50000/- മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. തുക സമയബന്ധിതമായി ചെലവഴിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് 12/01/2023ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.19ന്

സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ പദ്ധതി നിർവ്വഹണം പുരോഗമിച്ചു വരികയാണെന്നും നാളിതുവരെ ₹1,00,000/- ചെലവഴിച്ചിട്ടുണ്ടെന്നും ബാക്കി തുക എത്രയും വേഗം നിയമാനുസൃതം ചെലവഴിച്ച് വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുക പൂർണ്ണമായും ചെലവഴിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-20 പി.എച്ച്.സി.ക്ക് കുഴൽകിണർ നിർമ്മാണം -വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല

പദ്ധതി -PHC- യ്ക്ക് കുഴൽകിണർ നിർമ്മാണം പൂർത്തീകരണം
പദ്ധതി നമ്പർ 32/21-22
തൻവർഷം മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നടപ്പാക്കിയ PHC-യ്ക്ക് കുഴൽകിണർ നിർമ്മാണം പൂർത്തീകരണം എന്ന് പ്രോജക്ടിനായി ₹180000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) ജില്ലാ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് നല്കിയിട്ടുണ്ട് (A/c 38154753311). എന്നാൽ പദ്ധതി പൂർത്തീകരിച്ചതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ ₹1,80,000/യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-21 അംഗൻവാടികൾക്ക് ഫർണിച്ചർ - അപാകതകൾ

| | |
|---|---|
| നിർവ്വഹണം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| പ്രോജക്ട് നം | 178/22 (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം) |
| അടങ്കൽ | ₹399993/- |
| ബിൽ നം. | 21100152002701491027/26.03.22 ₹399993/- |

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നടപ്പാക്കിയ അംഗൻവാടികൾക്ക് ഫർണിച്ചർ എന്ന പദ്ധതി പ്രകാരം അർട്ട്കോയിൽ നിന്ന് ടെണ്ടർ നടപടി കൂടാതെ നേരിട്ട് വാങ്ങൽ നടത്തി. ആർട്ട്ക്കോയുടെ 638/16.03.22 ക്യാഷ്/ക്രഡിറ്റ് ഇൻവോയ്സ് പ്രകാരം താഴെപ്പറയുന്ന ഇനങ്ങളാണ് വാങ്ങിയിരിക്കുന്നത്.

| ഇനം | എണ്ണം |
|---|---|
| ഹാളോ ടേബിൾ | 62 |
| ബേബി ഫൈബർ/പ്ലാസ്റ്റിക് ചെയർ 33 Cm X 39 Cm X50cm | 248 |

ജി ഒ (ആർ. ടി) നം. 4/2018/SPD തീയതി 02.02.2018ൽ നിശ്ചയിച്ചിരിക്കുന്ന ഇനങ്ങൾ മാത്രം അതിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിലയ്ക്കാണ് ടെണ്ടർ നടപടി കൂടാതെ വാങ്ങാവുന്നത്. ഇക്കാര്യം ജി.ഒ.(ആർ.ടി.) നം.7/2022/SPD തീയതി 02.02.2022 യിലും വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി പ്രകാരം വാങ്ങിയിരിക്കുന്ന ഇനങ്ങൾ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുന്നതല്ലാത്തതിനാൽ ടെണ്ടർ നടപടി/ജെം മുഖേനയായിരുന്നു വാങ്ങേണ്ടിയിരുന്നത്. നേരിട്ടുവാങ്ങൽ നടത്തിയതിനാൽ ഉപകരണങ്ങളുടെ വില വിതരണസ്ഥാപനം ഏകപക്ഷീയമായി തീരുമാനിച്ചിരിക്കുന്നു.

മാത്രമല്ല വാർഷിക ആവശ്യകതാ നിർണ്ണയം നടത്താതെ അടങ്കൽ തുകയെ അടിസ്ഥാനമാക്കി വാങ്ങേണ്ട സാധനങ്ങളുടെ എണ്ണം ഇനം എന്നിവ നിശ്ചയിച്ചിരിക്കുന്നു. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 122-ലെ നിർദ്ദേശത്തിന് വിരുദ്ധമാണിത്. അംഗീകാരം ലഭിച്ച പ്രോജക്ടിലോ ഫയലിലെ മറ്റ് രേഖകളിലോ വാങ്ങേണ്ട ഉപകരണങ്ങളുടെ എണ്ണം കൃത്യമായി പ്രതിപാദിക്കുന്നില്ല. വിതരണക്കാരൻ വില ക്വോട്ട് ചെയ്തതിന് ശേഷം അടങ്കൽ തുകയെ അടിസ്ഥാനമാക്കിയാണ് എണ്ണം നിശ്ചയിച്ചിരിക്കുന്നത്. മേൽ അപാകതകൾ നിലനിൽക്കേ പ്രോജക്ടിന് ഉപരി പരിശോധന നടത്തി അംഗീകാരം നൽകിയ സി.ഡി.പി.ഒ. ഇക്കാര്യം ശ്രദ്ധയിൽ പെടുത്തിയിട്ടില്ല. പ്രസ്തുത ആപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്(നം.13/11.01.2023) നിലവിലുള്ള ഐ.സി.ഡി.എസ്.സൂപ്പർവൈസർ മറുപടി ലഭ്യമാക്കി. പ്രോജക്ട് നടപ്പാക്കിയ ഐ.സി.ഡി.എസ്. സൂപ്പർവൈസറെ വിവരം അറിയിച്ചിട്ടുണ്ട് എന്നും വിശദീകരണം ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധനക്ക് ഹാജരാക്കുന്നതാണ് എന്നുമാണ് മറുപടിയിൽ അറിയിച്ചിരിക്കുന്നത്. ടെണ്ടർ നടപടികൂടാതെ വാങ്ങൽ നടത്തിയത് മൂലമുണ്ടായ നഷ്ടം വ്യക്തമായി നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ പദ്ധതിക്കായുള്ള ₹399993/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-22 സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിൽ സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ്വെയറിലും 1-04-2021 മുതലുള്ള പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ നിക്ഷേപിക്കുകയോ തുക അനുവദിക്കുകയോ

ചെയ്തിട്ടുണ്ട്.

1. പെൻഷൻ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചതിന്റെ വിശദാംശങ്ങൾ

| ക്രമ നമ്പർ | പേര് | മരണപ്പെട്ട തിയതി | അനർഹമായി തുക നൽകിയ മാസം | സ്റ്റാറ്റസ് | പെൻഷൻ ഇനം | അധികം നൽകിയ തുക (₹) |
|---|---|---|---|---|---|---|
| 1 | ജോണി പി.ആർ | 28.04.21/17.05.21 | 4/21-6/22 | സസ്പെൻഡ് | വാർദ്ധക്യ കാല പെൻഷൻ | 24000 |
| 2 | വർക്കി കുര്യൻ | 20.05.21/26.05.21 | 5/21,6/21 | സസ്പെൻഡ് | വാർദ്ധക്യ കാല പെൻഷൻ | 3200 |
| 3 | സരോജിനി | 12.05.21/02.06.21 | 5/21-9/22 | ആക്ടീവ് | വാർദ്ധക്യ കാല പെൻഷൻ | 30400 |
| 4 | ഉണ്ണി രാജൻ | 13.05.21/04.06.21 | 5/21-9/22 | സസ്പെൻഡ് | വാർദ്ധക്യ കാല പെൻഷൻ | 30400 |
| 5 | തങ്കമണി രാമകൃഷ്ണൻ | 24.05.21/08.06.21 | 5/21-9/22 | ആക്ടീവ് | വാർദ്ധക്യ കാല പെൻഷൻ | 30400 |
| 6 | സാമുവൽ | 19.05.21/11.06.21 | 5/21-6/21 | സസ്പെൻഡ് | വാർദ്ധക്യ കാല പെൻഷൻ | 3200 |
| 7 | വിജയ | 27.05.21/11.06.21 | 5/21,6/21 | സസ്പെൻഡ് | വാർദ്ധക്യ കാല പെൻഷൻ | 3200 |
| 8 | ഉണ്ണികൃഷ്ണൻ | 06.06.21/14.06.21 | 6/21-11/22 | ആക്ടീവ് | ക്ഷേമനിധി ബോർഡ് | 28800 |
| 9 | ഭവാനി രാമചന്ദ്രൻ | 29.05.21/18.06.21 | 5/21,6/21 | സസ്പെൻഡ് | ക്ഷേമനിധി ബോർഡ് | 3200 |
| 10 | ലൂസി എം.ഡി | 02.06.21/24.06.21 | 6/21-8/21 | സസ്പെൻഡ് | വാർദ്ധക്യ കാല പെൻഷൻ | 4800 |
| 11 | സെബാസ്റ്റ്യൻ | 30.05.21/06.07.21 | 5/21.6/21 | സസ്പെൻഡ് | വാർദ്ധക്യ കാല പെൻഷൻ | 3200 |
| 12 | മറിയക്കുട്ടി | 20.06.21/12.07.21 | 6/21,7/21 | സസ്പെൻഡ് | വാർദ്ധക്യ കാല പെൻഷൻ | 3200 |
| 13 | ഭാസ്കരൻ | 25.06.21/12.07.21 | 6/21.7/21 | സസ്പെൻഡ് | വാർദ്ധക്യ കാല പെൻഷൻ | 3200 |
| 14 | തങ്കമ്മ | 27.06.21/14.07.21 | 6/21-4/22 | സസ്പെൻഡ് | ക്ഷേമനിധി ബോർഡ് | 17600 |
| 15 | ഭവാനി | 30.06.21/14.07.21 | 6/21-1/22 | സസ്പെൻഡ് | ക്ഷേമനിധി ബോർഡ് | 12800 |
| 16 | ചെല്ലപ്പൻ | 24.05.2/20.07.21 | 5/216-/21 | സസ്പെൻഡ് | വാർദ്ധക്യ കാല പെൻഷൻ | 3200 |
| 17 | അന്നക്കുട്ടി | 15.07.21/28.07.21 | 7/21,8/21 | സസ്പെൻഡ് | വാർദ്ധക്യ കാല പെൻഷൻ | 3200 |
| 18 | തങ്കച്ചൻ | 10.07.21/02.08.21 | 7/21,8/21 | സസ്പെൻഡ് | വാർദ്ധക്യ കാല പെൻഷൻ | 3200 |
| 19 | രവീന്ദ്രൻ കെ. | 11.07.21/02.08.21 | 7/21,8/21 | ആക്ടീവ് | ക്ഷേമനിധി ബോർഡ് | 3200 |
| 20 | ത്രേസ്യാമ്മ | 26.07.21/05.08.21 | 7/21-11/22 | ആക്ടീവ് | ക്ഷേമനിധി ബോർഡ് | 27200 |
| 21 | തങ്കമ്മ ബാലകൃഷ്ണൻ | 21.07.21/13.08.21 | 7/21,8/21 | സസ്പെൻഡ് | വാർദ്ധക്യ കാല പെൻഷൻ | 3200 |
| 22 | തോമസ് പി.എം | 23.04.21/17.08.21 | 4/21 | സസ്പെൻഡ് | വാർദ്ധക്യ കാല പെൻഷൻ | 1600 |
| 23 | വർക്കി | 10.09.21/27.09.21 | 9/21-11/22 | ആക്ടീവ് | ക്ഷേമനിധി വിഹിതം | 24000 |
| 24 | മാത്യു പി.ജെ | 27.09.21/11.10.21 | 9/21 | ആക്ടീവ് | വാർദ്ധക്യ കാല പെൻഷൻ | 1600 |

| | | | | | | |
|---|---|---|---|---|---|---|
| 25 | ചാരൻ | 14.09.21/12.10.21 | 9/21-11/22 | ആക്ടീവ് | ക്ഷേമനിധി വിഹിതം | 24000 |
| 26 | പാത്തുമ്മ | 15.09,21/20.10.21 | 9/21-11/22 | ആക്ടീവ് | വാർദ്ധക്യ കാല പെൻഷൻ | 24000 |
| 27 | അന്നമ്മ ജോസഫ് | 30.09.21/04.10.21 | 9/21.10/21 | സസ്പെൻഡ് | വാർദ്ധക്യ കാല പെൻഷൻ | 3200 |
| 28 | കാർത്ത്യായനി | 02.11.21/27.11.21 | 11/21,12/21 | സസ്പെൻഡ് | വാർദ്ധക്യ കാല പെൻഷൻ | 3200 |
| 29 | ചെല്ലമ്മ | 16.11.21/30.11.21 | 11/21,12/21 | സസ്പെൻഡ് | വാർദ്ധക്യ കാല പെൻഷൻ | 3200 |
| 30 | സരസ്വതിയമ്മ | 12.11.21/17.12.21 | 12/21 | സസ്പെൻഡ് | വാർദ്ധക്യ കാല പെൻഷൻ | 3200 |
| 31 | തങ്കമ്മ | 25.11.21/17.12.21 | 11/21,12/21 | സസ്പെൻഡ് | വാർദ്ധക്യ കാല പെൻഷൻ | 3200 |

ഗ്രാമപഞ്ചായത്തിൽ തൻവർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്യപ്പെട്ടവയിൽ ഏതാനും മാസങ്ങളിലെ വിശദാംശങ്ങൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ ഗുണഭോക്താക്കളുടെ മാത്രം വിവരമാണ് മുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. പല ഗുണഭോക്താക്കളെയും പെൻഷൻ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയത് മരണം രജിസ്റ്റർ ചെയ്ത് മാസങ്ങൾക്ക് ശേഷമാണെന്നും 2019 വർഷം സർക്കാർ നടപ്പാക്കിയ നിർബന്ധിത മസ്റ്ററിംഗിന് ശേഷം മരണപ്പെട്ട ഏതാനും ഗുണഭോക്താക്കൾക്ക് പെൻഷൻ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്നും മേൽ പട്ടികയിൽ നിന്ന് വ്യക്തമാണ്. അനർഹരായവരുടെ വിശദാംശങ്ങൾ സമയബന്ധിതമായി അറിയിക്കുകയെന്ന നടപടിക്രമം ഗ്രാമ പഞ്ചായത്തിൽ നിലവിലില്ലാത്തതിനാൽ മറ്റ് തദ്ദേശ സ്ഥാപനങ്ങൾ/ക്ഷേമനിധി ബോർഡുകൾ മുഖേന പെൻഷൻ തുടർന്നും അനുവദിക്കാനിടയുണ്ട്.

23.09.2020-ലെ സ.ഉ(സാധാ)97/2020/ധന. ഉത്തരവിൽ അനർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം തന്നെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക സി(12)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഖണ്ഡിക സി(13) പ്രകാരം പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതാണെന്നും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിനുശേഷം പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള പെൻഷൻ അനന്തരാവകാശികൾക്ക് അർഹതയില്ലെന്നും അനർഹമായി തുക കൈപ്പറ്റുന്നപക്ഷം കൈപ്പറ്റിയ തുക തിരികെ പിടിക്കേണ്ടതാണെന്നും ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്. 05.11.2020-ലെ നം.67/2020/ധന. സർക്കുലർ പ്രകാരം മരണപ്പെട്ടവരെയും അനർഹരായവരെയും സമയബന്ധിതമായി പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്ന് ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

പെൻഷണർ അനർഹനാവുന്ന അവസരത്തിൽ തന്നെ സമയബന്ധിതമായി അറിയിച്ചാൽ മാത്രമേ ബോർഡുകൾക്കും ബാങ്കുകൾക്കും പെൻഷൻ വിതരണം ചെയ്യുന്ന തദ്ദേശ സ്ഥാപനങ്ങൾക്കും അനർഹരായവരെ ഒഴിവാക്കുന്നതിനു സാധിക്കൂ. നിലവിൽ അനർഹമായി നൽകിയ മേൽ തുകകൾ ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യാത്ത തുക പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കണമെന്ന് സ.ഉ(സാധാ)381/2017/ധന., തീ. 17.08.2017-ൽ നിർദ്ദേശിച്ചിട്ടുള്ളത് പാലിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

### 1-23 ഓണം അഡ്വാൻസ് വർഷങ്ങൾക്കുശേഷവും തിരികെ ഈടാക്കിയില്ല

അഡ്വാൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അനുസരിച്ച് പ്രകാരം 20-08-2015-ൽ ശ്രീമതി സുശീല കെ.എൻ.അസിസ്റ്റന്റ് സെക്രട്ടറിക്ക് ഓണം മുൻകൂർ ഇനത്തിൽ ₹10,000/- നല്കിയിട്ടുണ്ട്. പ്രസ്തുത തുകയിൽ ₹2000/- നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല. മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും തുക ഈടാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പ്രസ്തുത ₹2000/- നാളിതുവരെയുള്ള പലിശ സഹിതം തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-24 തെരുവ് വിളക്കുകളുടെ പരിപാലനം

തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി തൻവർഷം ₹612708/- ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ ജി-2-44274/2015 തീ.17.08.2015 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കേണ്ടതാണെങ്കിലും ആയത് സൂക്ഷിച്ചിട്ടില്ല. വാർഡ് തലത്തിൽ വാർഡ് മെമ്പർ ചെയർമാനായുള്ള മോണിട്ടറിംഗ് സമിതി രൂപീകരിക്കുകയും ഓരോ വാർഡിലെയും സ്ട്രീറ്റ് ലൈറ്റുകളുടെ അറ്റകുറ്റപണികൾ പഞ്ചായത്ത് ഭരണ സമിതിയിലെ അംഗങ്ങൾ അസി.എഞ്ചിനീയർ, സെക്രട്ടറി, കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ നേതൃത്വത്തിൽ രൂപീകൃതമായ മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടുകൾ സമാഹരിച്ച് തെരഞ്ഞെടുത്ത വാർഡുകളിൽ നേരിട്ട് പരിശോധന നടത്തി പ്രവർത്തനം വിലയിരുത്തേണ്ടതാണ്. ഉപകരണങ്ങൾ വാങ്ങുമ്പോൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതും കേടായ സാധനങ്ങൾ അതാത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ട് വന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഇതിന്റെ കൃത്യത പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.

1-25 കർഷകർക്ക് ജൈവവളം, കുമ്മായം വിതരണം. പദ്ധതി നടത്തിപ്പിലെ അപാകതകൾ

ജൈവവളം, കുമ്മായം എന്നിവ വിതരണം നടത്തുന്നതിനായി ജനറൽ വനിത, എസ്.സി, എസ്.ടി. എന്നീ വിഭാഗങ്ങൾക്കായി 3 പദ്ധതികൾ ആസൂത്രണം ചെയ്ത് കൃഷി ഓഫീസർ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് | ബിൽ നം./തീയതി/തുക |
|---|---|---|
| 1 | കർഷകർക്ക് ജൈവവളവും കുമ്മായവും വിതരണം (ജനറൽ വനിത) 7/22<br>അടങ്കൽ -7,73,335 /- (വികസന ഫണ്ട്-75%, ഗുണഭോക്തൃവിഹിതം – 25%) | 21100152001900845296/27.12.2021 ₹513400/-<br>21100152001900838103/24.12.2021 ₹66600/-<br>വൗച്ചർനം. 521000786/29.12.21- ₹171135/-<br>വൗച്ചർ നം. 521000785/29.12.21- ₹22200/- |
| 2 | കർഷകർക്ക് ജൈവവളവും, കുമ്മായവും വിതരണം (എസ്.ടി.) 18/22<br>അടങ്കൽ -200000/-<br>(വികസന ഫണ്ട്-100%) | 21100152001900686212/22.11.2021 ₹200000 |
| 3 | കർഷകർക്ക്ജൈവവളവും,കുമ്മായവും വിതരണം (എസ്.സി.) 17/22<br>അടങ്കൽ -100000 /-<br>(വികസന ഫണ്ട്-100%) | 21100152001900686210/22.12.2021 ₹100000 |

മൂന്ന് പദ്ധതികളിലും വേപ്പിൻ പിണ്ണാക്കും കുമ്മായവുമാണ് വിതരണം നടത്തിയിരിക്കുന്നത് .

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 122 പ്രകാരം വാർഷിക ആവശ്യകതാ നിർണ്ണയം നടത്തിയും, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സാധനസേവനങ്ങൾ സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)259/2010 /എൽ.എസ്.ജി.ഡി. തീയതി 8.11.2010 ലെ അധ്യായം 2.3 പ്രകാരം പ്രോക്വയർമെന്റ് പ്ലാൻ തയ്യാറാക്കിയുമാണ് വാങ്ങൽ നടത്തേണ്ടത്. സ്ഥാപനത്തിന്റെ സാമ്പത്തിക നേട്ടവും സാധനങ്ങളുടെ ഗുണനിലവാരവും ഉറപ്പാക്കണമെന്നും ഇവയിൽ നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഇക്കാര്യങ്ങൾ ഉറപ്പാക്കാതെയാണ് പദ്ധതികൾക്കാവശ്യമായ വേപ്പിൻ പിണ്ണാക്കും കുമ്മായവും വാങ്ങി വിതരണം നടത്തിയത്. ഇതുപ്രകാരം മൂന്ന് പദ്ധതികൾക്കും കൂടി ആവശ്യമായ വേപ്പിൻ

പിണ്ണാക്കും കുമ്മായവും ഒരു ഇ-ടെണ്ടർ മുഖേന വിതരണക്കാരനെ കണ്ടെത്തി ഗുണനിലവാരം ഉറപ്പാക്കി വാങ്ങൽ നടത്തേണ്ടതായിരുന്നു. എന്നാൽ മൂന്ന് പദ്ധതികൾക്കും വ്യത്യസ്ത ടെണ്ടറുകൾ നടത്തി വ്യത്യസ്ത വിലകൾക്ക് വാങ്ങൽ നടത്തിയത് മൂലം സ്ഥാപനത്തിന്റെ സാമ്പത്തിക നേട്ടം ഉറപ്പാക്കുക, മിതവ്യയത്വം പാലിക്കുക എന്നീ അടിസ്ഥാനതത്വങ്ങൾ സംരക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയിരിക്കുന്നു.

ക്രമനം 1. പ്രകാരമുള്ള പദ്ധതിയിൽ വേപ്പിൻ പിണ്ണാക്കും, കുമ്മായവും ഇ-ടെണ്ടർ മുഖേന വാങ്ങി വിതരണം നടത്തിയിരിക്കുന്നു. വേപ്പിൻ പിണ്ണാക്കിന് ₹30.70/കി. ഗ്രാം എന്ന നിരക്ക് രേഖപ്പെടുത്തിയ ഹൈറേഞ്ച് ഫെർട്ടിലൈസേഴ്സ്, പുളിയൻമല എന്ന സ്ഥാപനത്തിന്റെയും കുമ്മായത്തിന് ₹ 16/കി. ഗ്രാം എന്ന നിരക്ക് രേഖപ്പെടുത്തിയ റെയിഡ്കോ എന്ന സ്ഥാപനത്തിന്റെയും ടെണ്ടർ അംഗീകരിച്ച്, വാങ്ങി വിതരണം നടത്തിയിരിക്കുന്നു. ക്രമനം 1. പ്രകാരമുള്ള പദ്ധതിയുടെ നടത്തിപ്പിൽ താഴെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു.

1. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തെ ഒഴിവാക്കിയിരിക്കുന്നു.

ഇ-ടെണ്ടറിൽ കുറഞ്ഞനിരക്കായ വേപ്പിൻ പിണ്ണാക്കിന് ₹29.50/കി.ഗ്രാം, കുമ്മായത്തിന് ₹13.95/കി.ഗ്രാം രേഖപ്പെടുത്തിയ അഗ്രികെയർ അസോസിയേറ്റ്സ്, പുളിയൻമല എന്ന സ്ഥാപനത്തെ 'ലൈസൻസ് ഇല്ല' എന്ന കാരണം കാണിച്ച് ഒഴിവാക്കി തൊട്ടടുത്ത ഉയർന്നനിരക്ക് രേഖപ്പെടുത്തിയ സ്ഥാപനങ്ങൾക്ക് വിതരണാവകാശം നൽകിയിരിക്കുന്നു.

വണ്ടൻമേട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി, അഗ്രികെയർ അസോസിയേറ്റ്സ്, പുളിയൻമല എന്ന സ്ഥാപനത്തിന്, നം. എ1-54/2021/2022 തീയതി 30.04.21ൽ ജൈവവളം ഉത്പാദനത്തിനും വിപണനത്തിനുമായി ഒരു വർഷത്തേയ്ക്ക് നൽകിയ ലൈസൻസ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടെണ്ടർ നോട്ടീസ് പ്രകാരമുള്ള ലൈസൻസ് ഹാജരാക്കിയിട്ടും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തെ അനാവശ്യ കാരണം കാണിച്ച് ഒഴിവാക്കിയിരിക്കുന്നു. മാത്രമല്ല പഞ്ചായത്ത് കമ്മറ്റിയുടെ 30.10.2021 ലെ 1(5) നമ്പർ തീരുമാനത്തിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നത് വേപ്പിൻ പിണ്ണാക്ക് വിതണത്തിന് ഹൈറേഞ്ച് ഫെർട്ടിലൈസേഴ്സ്, പുളിയൻമല എന്ന സ്ഥാപനവും കുമ്മായത്തിന് റെയിഡ്കോ എന്ന സ്ഥാപനവുമാണ് എന്നാണ്. അഗ്രികെയർ അസോസിയേറ്റ്സ്, പുളിയൻമല എന്ന സ്ഥാപനത്തെപ്പറ്റി പരാമർശിക്കുന്നതേയില്ല. കുറഞ്ഞനിരക്ക് അംഗീകരിക്കാത്തതുമൂലം താഴെപ്പറയുന്ന രീതിയിൽ നഷ്ടം സംഭവിച്ചിരിക്കുന്നു.

| ആകെ വാങ്ങിയ വെപ്പിൻ പിണ്ണാക്ക് | കൂടിയനിരക്കിൽ വാങ്ങിയതിന് നൽകിയ തുക | | കുറഞ്ഞനിരക്കിൽ നൽകേണ്ടിയിരുന്ന | | വ്യത്യാസം ₹ |
|---|---|---|---|---|---|
| | BOQ പ്രകാരം നിരക്ക് ₹ | നൽകിയ ആകെ തുക | BOQ പ്രകാരം നിരക്ക് ₹ | ആകെ തുക ₹ | |
| 220300 കി. ഗ്രാം. | 30.70 | 684535 | 29.50 | 657850 | 26685 |
| 5550 | 16 | 88800 | 13.95 | 77422.5 | 11377.5 |
| ആകെ | | | | | 38062.5 |

2. വ്യപകമായ പ്രചാരണം നൽകുക, തെരഞ്ഞെടുപ്പ് പ്രക്രിയയിൽ സുതാര്യത വരുത്തുക, യോഗ്യരായ സേവനദാതാക്കൾക്ക് അവസരം നൽകുക എന്നീ ലക്ഷ്യത്തോടെയാണ് ഇ-ടെണ്ടർ മുഖേനയുള്ള വാങ്ങൽ നടപടിക്ക് നിർദ്ദേശം നൽകിയിരിക്കുന്നത്. എന്നാൽ ഈ ലക്ഷ്യത്തെ സാധൂകരിക്കുന്നതല്ലാത്ത നിബന്ധനയായ 'ഇടുക്കി ജില്ലയിലെ ഉത്പാദക വിതരണ ലൈസൻസുള്ള വിതരണക്കാർ' മാത്രം ടെണ്ടറിൽ പങ്കെടുത്താൽ മതിയെന്ന് ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതുമൂലം ജില്ലയ്ക്ക് പുറത്തുള്ള യോഗ്യരായ സേവനദാതാക്കൾക്ക് ടെണ്ടറിൽ പങ്കെടുക്കുന്നതിനുള്ള അവകാശം നഷ്ടപ്പെടുകയും മത്സരതീവ്രത ഒഴിവാകുകയും ചെയ്തിരിക്കുന്നു. ഫലത്തിൽ ഇടുക്കി ജില്ലയിൽ നിന്നുള്ള 3 സ്ഥാപനങ്ങളിലേയ്ക്ക് മത്സരം ഒതുങ്ങുകയും അതിൽ ഒരാളെ ഒഴിവാക്കി മറ്റ് രണ്ട് പേർക്കായി വിതരണാവകാശം വീതിച്ച് നൽകുകയും ചെയ്തിരിക്കുന്നു. മാത്രമല്ല കുമ്മായത്തിന്റെ വിതരാണാവകാശം ലഭിച്ച റെയിഡ്കോയുടെ ഇടുക്കി ജില്ലയിലെ ഉത്പാദക വിതരണ ലൈസൻസ് ഹാജരാക്കിയിട്ടുമില്ല.

3. ക്രമ നം. 2,3 എന്നിവ പ്രകാരമുള്ള പദ്ധതികൾക്ക് പ്രത്യേകം ടെണ്ടറുകൾ നടത്തി ക്രമ നം. 1 പ്രകാരമുള്ള നിരക്കിനേക്കാൾ അധിക നിരക്കിൽ വാങ്ങൽ നടത്തിയിരിക്കുന്നു.

ഒരേ നിർവ്വഹണോദ്യോഗസ്ഥൻ നടപ്പാക്കിയ ഒരേ ഇനം സാധനങ്ങളുടെ വാങ്ങൽ വ്യത്യസ്തസ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്ത നിരക്കിൽ നടത്തിയിരിക്കുന്നു. വാർഷിക ആവശ്യകതാനിർണ്ണയം നടത്തി ഒരേ ടെണ്ടർ നടപടിയിലൂടെ വാങ്ങൽ നടത്തണമെന്ന കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 122 പ്രകാരമുള്ള നിർദ്ദേശം പാലിക്കാതെ ക്രമനം 1 ലെ പ്രോജക്റ്റ് പ്രകാരമുള്ള വാങ്ങൽ ഇ-ടെണ്ടർ മുഖേന ഹൈറേഞ്ച് ഫെർട്ടിലൈസേഴ്സ്, പുളിയൻമല എന്ന സ്ഥാപനത്തിൽ നിന്നും ക്രമനം 2,3 എന്നീ പദ്ധതികൾ പ്രകാരമുള്ള വാങ്ങൽ ടെണ്ടറുകൾ മുഖേന

സതേൺ ഫെർട്ടിലൈസേഴ്സ് ചങ്ങനാശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും നടത്തിയിരിക്കുന്നു. ക്രമനം. 2, 3 എന്നീ പദ്ധതികൾ പ്രകാരം വേപ്പിൻ പിണ്ണാക്കിന് ₹32.32/കി. ഗ്രാം നിരക്കിലും കുമ്മായ വിതരണത്തിന് ₹17.9/കി. ഗ്രാം. നിരക്കിലുമാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. മാത്രമല്ല ക്രമനം 2,3 എന്നിവയുടെ ടെണ്ടറുകളിൽ ഹൈറേഞ്ച് ഫെർട്ടിലൈസേഴ്സ്, പുളിയൻമല എന്ന സ്ഥാപനത്തിന്റെ പേരെഴുതിയ ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ ടെണ്ടറുകളും ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്നു എങ്കിലും പ്രസ്തുത ടെണ്ടറുകളിൽ സ്ഥാപനത്തിന്റെ സീലില്ല എന്നു മാത്രമല്ല ഇട്ടിരിക്കുന്ന ഒപ്പുകളും വ്യത്യസ്തമാണ് എന്ന് ക്രമ നം.1 പ്രകാരമുള്ള ഫയലുകളുമായി ചേർത്ത് പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു. യഥാർത്ഥത്തിൽ മത്സരം സൃഷ്ടിച്ചു എന്നു വരുത്തി തീർക്കുന്നതിനായി ടെണ്ടർ ഫോം വാങ്ങി ഒപ്പിട്ട് ഉയർന്ന നിരക്ക് രേഖപ്പെടുത്തി നൽകുകയാണുണ്ടായത്.

പഞ്ചായത്ത് കമ്മറ്റിയുടെ 30.10.21ലെ 1(5), 1(6), 1(7)നമ്പർ തീരുമാനങ്ങൾ പ്രകാരമാണ് യഥാക്രമം കർഷകർക്ക് ജൈവവളം, കുമ്മായം വിതരണം. ( ജനറൽ വനിത) 7/22, കർഷകർക്ക് ജൈവവളവും, കുമ്മായവും വിതരണം. (എസ്.സി)17/22, കർഷകർക്ക് ജൈവവളവും, കുമ്മായവും വിതരണം,(എസ്.ടി)18/22 പദ്ധതികൾക്ക് അംഗീകാരം നൽകിയിരിക്കുന്നത്. ഇതിൽ നിന്നും ഒരേ ഇനം സാധനങ്ങളുടെ വാങ്ങൽ വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്ത നിരക്കിൽ നടത്തിയിരിക്കുന്നത് പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനത്തോടെയാണ് വ്യക്തമാകുന്നു. എന്നാൽ അഗ്രികെയർ അസോസിയേറ്റ്സിന്റെ ടെണ്ടർ കമ്മറ്റിയിൽ അവതരിപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. കാരണം 1(5) നമ്പർ തീരുമാനത്തിൽ കുറഞ്ഞനിരക്ക് അംഗീകരിക്കുന്നു എന്ന് കാണിച്ചിരിക്കുന്നു. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/തീയതി 13.01.2023) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്. തുടർന്നുള്ള വർഷങ്ങളിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും വാങ്ങൽ നടപടികൾ കൂടുതൽ കൃത്യതയോടെ നടത്തേണ്ടതുമാണ്.

## 1-26 വാഹനപരിപാലനം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ബൊലോറോ ജീപ്പിന് സ.ഉ.(എം.എസ്.) നം.170/07 തസ്വഭവ തിയതി 30.06.07 പ്രകാരം സൂക്ഷിക്കേണ്ട പ്രധാനപ്പെട്ട രജിസ്റ്ററുകളായ ഇന്ധന ഓഡർ ബുക്ക്, റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഇന്ധനത്തിന്റെയും എണ്ണയുടെയും ഉപയോഗം കാണിക്കുന്ന ഫ്യുവൽ രജിസ്റ്റർ എന്നീ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. പ്രസ്തുത വാഹനങ്ങളുടെ ചെലവ് സംബന്ധിച്ച റിപ്പാർട്ട് ഓരോ അർദ്ധവർഷാരംഭത്തിലും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് മുൻപാകെ സമർപ്പിക്കേണ്ടതാണെങ്കിലും അപ്രകാരം സമർപ്പിച്ചിട്ടുള്ളതായി കാണുന്നില്ല. ലോഗ് ബുക്ക് എഴുതുന്നുണ്ടെങ്കിലും കസ്റ്റോഡിയൻ ഓഫീസർ ലോഗ് ബുക്ക് പരിശോധിച്ച് വാഹന ഉപയോഗം ക്രമപ്രകാരമാണെന്ന് ഉറപ്പുവരുത്തിയിട്ടില്ല. വാഹനത്തിൽ ഇന്ധനം നിറക്കുന്ന സാഹചര്യത്തിൽ ഹാജരായിരുന്ന ഉദ്യോഗസ്ഥന്റെ പേര് ഉദ്യോഗപ്പേര്, ഒപ്പ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ടാങ്കിൽ പൂർണ്ണമായും ഇന്ധനം നിറച്ച് കഴിഞ്ഞ് വാഹനം ഓടിയ ദൂരവും വീണ്ടും നിറക്കുന്ന ഇന്ധനത്തിന്റെ അളവും കണക്കിലെടുത്ത് ഒരു കിലോമീറ്ററിനുള്ള ഇന്ധനത്തിന്റെ അളവ് കണക്കാക്കേണ്ടതും ഉപയോഗത്തിലുള്ള വ്യതിയാനം നിരീക്ഷണവിധേയമാക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല. വാഹനം സംബന്ധിച്ച രജിസ്റ്ററുകൾ കാലികമാക്കി പരിപാലിക്കേണ്ടതും, കൃത്യമായ മേൽനോട്ടം ഉണ്ടാകേണ്ടതുമാണ്.

## 1-27 അഗതിരഹിത കേരളം പദ്ധതി

ഗ്രാമപഞ്ചായത്തിലെ അഗതികളായ ഗുണഭോക്താക്കളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനും ജീവിതസാഹചര്യങ്ങൾ ഒരുക്കുന്നതിനും വേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് അഗതിരഹിത കേരളം ഗ്രാമപഞ്ചായത്തിലെ 116 ഗുണഭോക്തൃ കുടുംബങ്ങളെ ഉൾപ്പെടുത്തി ആവിഷ്കരിച്ച പദ്ധതിയ്ക്ക് കുടുംബശ്രീ മിഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. നിലവിൽ 93 ഗുണഭോക്താക്കൾ ആണ് ഉള്ളത്. 2021-2022 വർഷത്തെ പദ്ധതിയുടെ ധനകാര്യവിശകലനം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അടങ്കൽ | ലഭിച്ച തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസനഫണ്ട് | 28102500 | 200000 | 100000 | 10000 |
| ചലഞ്ച്ഫണ്ട് | 31353100 | 1083533 | 784495 | 1138991 |
| മറ്റ്ഫണ്ട് | 0 | 0 | 0 | 0 |
| ആകെ | 59455600 | 1283533 | 884495 | 1238991 |

പദ്ധതിയ്ക്ക് ലഭിച്ച തുകയുടെ 68.91% മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. പ്രധാനമായും ഭക്ഷണവിതരണം

മാത്രമാണ് നടന്നിട്ടുള്ളത്. ഭക്ഷണവിതരണത്തിന് നാളിതുവരെ 774666/- രൂപ ആകെ ചെലവഴിച്ചിട്ടുണ്ട്. കുടുംബശ്രീ ജില്ലാ മിഷനിൽ നിന്ന് ചലഞ്ച് ഫണ്ട് ഒരു ഗഡു മാത്രമാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത്. 2021-22 സാമ്പത്തികവർഷം വികസനഫണ്ടിൽ നിന്ന് 200000/- രൂപ പദ്ധതിയ്ക്കായി ലഭിച്ചിട്ടുണ്ടെങ്കിലും വീട്, കുടിവെള്ളം, തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾക്ക് വികസനഫണ്ട് ചെലവഴിച്ചിട്ടില്ല അർഹതപ്പെട്ട ചലഞ്ച് ഫണ്ട് യഥാസമയം ലഭ്യമാക്കുന്നതിനും പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുതവിഷയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക കണക്ക് പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-2022 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു. | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-2022 | 231450 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ സ്കോളർഷിപ്പ് | 231450 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-2022 | 100000 | ആശ്രയ പഞ്ചയത്ത് വിഹിതം | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-2022 | 5665364 | ലൈഫ് ഭവനപദ്ധതി | 5665364 | 0 |

### 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി മുൻകൂർ നൽകിയ ഫണ്ടിന്റെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് തൊടുപുഴ | 149/22, ശ്രീചിത്തിര വിലാസം എൽ.പി. സ്കൂളിൽ കുഴൽ കിണർ നിർമ്മാണം | 22101347/ 30.03.22 | 200000 | 0 | 200000 |
| ഭൂജല വകുപ്പ് തൊടുപുഴ | 167/22, എടാട് ഗവ. എൽ.പി.എസ്. കുഴൽ കിണർ നിർമ്മാണം | 22101349/ 30.03.2022 | 67761 | 0 | 67761 |
| ഭൂജല വകുപ്പ് തൊടുപുഴ | 21/22, വനിത കാർഷിക വിപണന കേന്ദ്രത്തിന് കുഴൽകിണർ പൂർത്തീകരണം | XVFC/2021-22/-/6/ ₹30000 | 30000 | 0 | 30000 |
| ഭൂജല വകുപ്പ് തൊടുപുഴ | 166/22, മൂലമറ്റം ഐ.എച്ച്.ഇ.പി. സ്കൂളിൽ കുഴൽകിണർ നിർമ്മാണം, വാട്ടർ ടാങ്ക് വാങ്ങി നൽകൽ | 22101348/ 30.03.2022 | 63393 | 0 | 63393 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയതി/ വായ്പ തുക | ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ജവഹർ ഭവന പദ്ധതി | ജി.ഒ (എം.എസ്.) നം. 1577/2015/ തസ്വഭവ/ തി.27.05.2015 | 21000000 | 9900000 | 2100000 | 1101669 | 7800000 |
| ലൈഫ് ഭവന പദ്ധതി- കെ.യു.ആർ.ഡി എഫ്.സി | ജി.ഒ എം.എസ് നം. 68/2018/ തസ്വഭവ/ തി.18.08.2018 | 25610000 | 16534000 | 2024000 | 0 | 14510000 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 760004/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2001-2002 | 4 | 4 | ശ്രീ. എൻ.വി. ജെയിംസ്, സെക്രട്ടറി | 121020100368/20.07.2021 |
| 2013-2014 | 3-1 | 550000 | ശ്രീ.സജി തോമസ്, സെക്രട്ടറി | 121060900143/07.01.2022 |
| 2013-2014 | 3-2 | 210000 | ശ്രീ.സജി തോമസ്, സെക്രട്ടറി | 121060900143/07.01.2022 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| പ്രത്യേക ഓഡിറ്റ് | | 2012-13 | 2-4 | ലഘു അവലോകനം, റിപ്പോർട്ടുകൾ | ലഭ്യമല്ല |
| പ്രത്യേക ഓഡിറ്റ് | | 2013-14 | 5-2 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും | ലഭ്യമല്ല |

4-9 ചാർജ് സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം കാണിക്കുന്ന പത്രിക

എ) ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം കാണിക്കുന്ന പത്രിക

ഇല്ല

ബി)സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം കാണിക്കുന്ന പത്രിക

| | | | | സർചാർജ് സർട്ടിഫിക്കറ്റ് | | | | കോടതി വ്യവഹാരങ്ങളിൽ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം., ഭരണ വകുപ്പ് | നം./ തീയതി | തുക | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക, തീയതി | (ഉൾപ്പെട്ട തുക | ഈടാക്കിയ തുക | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1996-97 | 32 | എം. എസ്. അന്നക്കുട്ടി, സെക്രട്ടറി | LF-28318/Spl. Cell/SC2/99 Dt.16.1.2002 | 2219 | 2219/- നം..330/ 61030/ 31.3.2000 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 0 | |
| 2 | 1996-97 | 34 | ജയ്സമ്മ ജോസുകുട്ടി, പ്രസിഡന്റ് | LF-28318/Spl. Cell/SC2/99 Dt.16.1.2002 | 6000 | 6000/- 27/10380/ 3.11.2001 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 0 | |
| 3 | 2001-02 | 2-7 | തോമസ് ജേക്കബ്, അസി. എന്ജിനീയർ | LF-14471/Spl. Cell/SC2/05 Dt.16.12.06 | 1536 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1536 | |
| 4 | 2003-04 | 3-5(1) | ഷാജി എം.എസ്, അസി. എൻജിനീയർ | LF-2497/Spl. Cell/SC2/08 Dt.5.5.2010 | 8378 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 8378 | |
| 5 | 2003-04 | 3-5(2) | ഷാജി എം.എസ്, അസി. എൻജിനീയർ | LF-1975/Spl. Cell/SC2/08 Dt.5.5.2010 | 6502 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 6502 | |
| 6 | 2008-09 | 2.6 | പി. എം. ജോണി, സെക്രട്ടറി | LF-1975/Spl. Cell/SC2/13 Dt.10.3.15 | 38841 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 38841 | |
| 7 | 2013-14 | 3.1 | സജി തോമസ്, സെക്രട്ടറി | LF-1896/Spl. Cell/SC2/ 2016(1) Dt.31.3.18 | 550000 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 550000 | |
| 8 | 2013-14 | 3.2 | സജി തോമസ്, സെക്രട്ടറി | LF-1896/Spl. Cell/SC2/ 2016(2) Dt.31.3.18 | 210000 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 210000 | |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് | : | 26632059 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 116474846 |
| ആകെ | | 143106905 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 117519103 |
| നീക്കിയിരിപ്പ് | | 25587802 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 42372461 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 41231314 | ശ്രീ.സജിത്ത് ഡി., വി.ഇ.ഒ. |
| | | ശ്രീമതി അനിശ്രീ ജി.നായർ, വി.ഇ.ഒ. |
| 1-18 | 561154 | ശ്രീ.മധു സി.ആർ., സെക്രട്ടറി |
| 1-20 | 180000 | ഡോ.അനുമോൾ കെ.എ., മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| 1-21 | 399993 | ശ്രീമതി ലാലി മാത്യു, ഐ.സി.ഡി.എസ്.സൂപ്പർ വൈസർ |
| ആകെ | 42372461 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സജിത്ത് ഡി. വി.ഇ.ഒ. | വി.ഇ.ഒ, അറക്കുളം ഗ്രാമ പഞ്ചായത്ത് | ചീനിവിള, തിരുവനന്തപുരം |
| ശ്രീമതി അനിശ്രീ ജി.നായർ, വി.ഇ.ഒ. | വി.ഇ.ഒ, അറക്കുളം ഗ്രാമ പഞ്ചായത്ത് | വടക്കേപനിയാത്ത്, അറക്കുളം<br>പി.ഒ., ഇടുക്കി ജില്ല |
| ശ്രീ.മധു സി.ആർ., സെക്രട്ടറി | | റ്റി.സി.നം.26/853<br>തൈക്കാട് പി.ഒ. തിരുവനന്തപുരം |
| ശ്രീമതി മേഴ്സി ജോർജ്,<br>അസി.സെക്രട്ടറി | ജെ.എസ്., അറക്കുളം ഗ്രാമ പഞ്ചായത്ത് | നടുവിലേടത്ത്, മൂലമറ്റം പി.ഒ<br>ഇടുക്കി ജില്ല |
| ഡോ.അനുമോൾ കെ.എ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, അറക്കുളം,<br>പി.എച്ച്.സി. | കുറുപ്പത്തുശ്ശേരിൽ, കോരുത്തോട്<br>പി.ഒ.<br>കോട്ടയം ജില്ല |
| ശ്രീമതി ലാലി മാത്യു,<br>ഐ.സി.ഡി.എസ്.സൂപ്പർ വൈസർ | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ,<br>അറക്കുളം ഗ്രാമ പഞ്ചായത്ത് | കൊടിമറ്റത്തിൽ, കലയന്താനി<br>പി.ഒ. ഇടുക്കി ജില്ല |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നമ്പർ |
|---|---|---|---|
| 2006-2007 | എൽ.എഫ്.ഐ.9/570/10/ 10.06.2010 | 1 | 3-1 |
| 2007-2008 | എൽ.എഫ്.ഐ.13/1439/13/ 06.01.2014 | 6 | 2-6(എ),3-12,3-13,<br>3-14,3-17,3-18 |
| 2008-2009 | കെ.എസ്.എ-ഐ.ഡി.കെ.13/1030/15/<br>17.10.15 | 6 | 2-6,3-5,3-7,<br>3-10,3-11,3-12 |
| 2009-2010 | കെ.എസ്.എ-ഐ.ഡി.കെ.13/305/15/<br>10.05.2016 | 2 | 2-4,3-7 |

| | | | |
|---|---|---|---|
| 2010-2011 | കെ.എസ്.എ-ഐ.ഡി.കെ.13/1048/15/ 05.01.2016 | 1 | 3-9 |
| 2011-2012 | കെ.എസ്.എ-ഐ.ഡി.കെ.13/744/16/ 14.11.2016 | 2 | 3-8, 3-11 |
| 2012-2013 | കെ.എസ്.എ-ഐ.ഡി.കെ.13/1096/2014/ 13.11.2014 | 2 | 3-7,3-12 |
| 2013-2014 | കെ.എസ്.എ-ഐ.ഡി.കെ.13/1008/17/ 19.01.2018 | 10 | 2-1, 3-1, 3-2,3-3,3-5, 3-7,3-9,3-10, 3-14,3-20 |
| 2014-2015 | കെ.എസ്.എ-ഐ.ഡി.കെ.13945/18/ 01.09.2018 | 2 | 3-3,3-4 |
| 2016-2017 | കെ.എസ്.എ-ഐ.ഡി.കെ.13/44/18/ 22.03.2018 | 4 | 2-2, 3-4, 3-8,3-10 |
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ.13/1246/18/ 29.11.2018 | 1 | 2-1 |
| 2018-19 | കെ.എസ്.എ-ഐ.ഡി.കെ. 13/741/19/ 04.09.2019 | 2 | 3-2 (1),3-12 |
| 2019-20 | കെ.എസ്.എ-ഐ.ഡി.കെ. 11/611/2021 തീ. 08.09.2021 | 14 | 1-1, 1-7, 1-9, 1-11 മുതൽ 1-20 വരെ, 2-1 |
| 2020-21 | കെ.എസ്.എ-ഐ.ഡി.കെ. 11/737/2021 തീ. 27.09.2021 | 8 | 1-5, 1-12, 1-15, 1-19, 1-20, 1-21, 1-25, 1-28 |

ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്